Vol. 20. No. 6.

# കർമ്മലകുസുമം

# The Flower of Carmel



പ്രതിമാസപത്രിക.

June 1922.

# വിഷയവിവരണിക


പേജ്.

1 മംഗളം. 121
ക. നി. മൂ. സ. ബ. മാണിക്കത്തനാർ.

2 പ്രോപ്പഗാന്താ തിരുസംഘത്തിന്റെ തൃതീയശതവർഷം. 121
,, ചങ്ങനാശേരി മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം.

3 തിരുഹൃദയദർപ്പണം. 124
റവ. ഫാദർ മാത്യു പുതിയിടം.

4 പ്രാർത്ഥനാഗീതം. 125
ശ്രീമാൻ കട്ടക്കയത്തിൽ തൊമ്മൻമാപ്പിള.

5 മിശിഹായുടെ സഭയും ഛേദിക്കപ്പെട്ട ശിഖരങ്ങളും. 126
റവ. ഫാദർ റൊമേവൂസ് സി. ഡി.

6 ഫാദർ പയസ്സ് അവർകളുടെ അഞ്ചു മുറിവുകൾ. 130
ശ്രീമാൻ വി. എക്സ്. ചെറിയാൻ കടപ്ലാമററം.

7 കേരളീയരും വേദപ്രചാരവും. 133
റവ. അബ്രാഹം രാമച്ചനാട്ട.

8 അദ്ദേഹം എങ്ങിനെ ക്രിസ്ത്യാനിയായി. 135
റവ. ഫാദർ മർസ്സലീൻ സി. ഡി.

9 കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്ക്. 136
സ്വന്താ കൊച്ചച്ചൻ.

10 മാതാവിന്റെ ലുത്തനിയാ (പദ്യം) 138
നമ്മുടെ യുവകവികൾ.

11 തിരുഹൃദയപൊതുനിയോഗം. 139

12 പുതിയപുസ്തകങ്ങൾ. 140

13 കുറിപ്പുകളും വർത്തമാനങ്ങളും. 142

14 മനോഗുണവിവരങ്ങൾ, ചരമവാർത്തകൾ. 143

15 പഞ്ചാംഗം. 144


## ഗ്രഹാവലിവകക്കു പണം അടച്ചവരുടെ പേരുവിവരം.

| മേടം — ഇടവം. | രൂ. | ച. | കാ. | | | | |
|---|---|---|---|---|---|---|---|
| ഫാദർ ജോക്കിം ഡിക്കോസ്റ്റ | 1 | 0 | 0 | ബ. ആണ്ടുമാലിൽ പോത്തച്ചൻ | 1 | 0 | 0 |
| ബ. വഴുതനപ്പള്ളി മാത്തച്ചൻ | 1 | 0 | 0 | ബ. ആലുങ്കൽ കുരുവിളയച്ചൻ | 1 | 0 | 0 |
| ബ. ചക്കാലക്കൽ തോമ്മാച്ചൻ | 2 | 0 | 0 | മ. രാ. രാ. അവർകൾ. | | | |
| റൈററ റവ മോൺസിഞ്ഞോർ | | | | കേ. കേ. തോമ്മസ് മററക്കര | 1 | 0 | 0 |
| ജേക്കബ്ബ് കല്ലറയ്ക്കൽ. | 10 | 0 | 0 | പി. എൽ ജോസഫ് | 0 | 14 | 4 |
| ബ. ഓണംകുളത്തു യൗസേപ്പച്ചൻ | 1 | 0 | 0 | ജോസഫ് എമ്മാനുവേൽപാലാ | 1 | 0 | 0 |
| | | | | സി. വി. എം. പാവർട്ടി | 1 | 0 | 0 |


## ആവശ്യമുണ്ടോ?

ഫ്രാൻസിൽനിന്നു ഞങ്ങൾ ഒരു പുതിയ സെററു ബാൻറു വരുത്തിയിരിക്കുന്നതിനാൽ, മുമ്പു ഉപയോഗിച്ചിരുന്ന സാമാനങ്ങൾ വില്ലാൻ നിശ്ചയിച്ചിരിക്കുന്നു. വില സഹായം. ആവശ്യക്കാർ ഉടനെ എഴുതി ചോദിക്കുക.

മാനേജർ, സെൻറു ജോസഫ്സ് ബാൻറ്, മാന്നാനം.

# കർമ്മലകുസുമം.

പുസ്തകം ൨൦ ൧൯൨൨ ജൂൺ ലക്കം ൩.

## മംഗളം.

ജനതതിയതിനേററം ദിവ്യസൌരഭ്യമേകാ—
നനവധിതരമത്താം ചെയ്തിട്ടംസൽസുമാഖ്യേ!
മുനിവരപതിയോടൊത്തീശ്വരദേവന്റെതൃക്കൺ
മുനയുടെ ചലനത്താൽശോഭതേടീടണം നീ.

ക. നി. മൂ. സ. മാണിക്കത്തനാർ.

## പ്രോപ്പഗാന്ത തിരുസംഘത്തിന്റെ തൃതീയ ശതവർഷാഘോഷം.

(നി. വ. ദിവ്യശ്രീ കുര്യാളശ്ശേരി മെത്രാനച്ചൻ തിരുമനസ്സിലെ ഇടയലേഖനം)

"നിങ്ങൾ ഭൂലോകമെങ്ങും പോയി സകലസൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പിൻ"
(വി. മത്തായി ൨൮-൧൯.)

വന്ദ്യസഹോദരന്മാരെ, സ്നേഹിക്കപ്പെട്ട മക്കളെ,

നമ്മുടെ ദിവ്യരക്ഷകൻ ഉയിർത്തു സ്വർഗ്ഗത്തിലേക്കു പ്രവേശിക്കുന്നതിനു മുൻപു തന്റെ അന്ത്യശാസനമായി അവിടുത്തെ ശിഷ്യന്മാരോട് അരുളിച്ചെയ്ത ദിവ്യവചനമാണു മേൽ ഉദ്ധരിച്ചിരിക്കുന്നതു്. അവിടുന്ന് മനുഷ്യരക്ഷ ഒന്നിനെമാത്രം സാധിക്കുന്നതിനുവേണ്ടിയാണു ഈ ലോകത്തിൽ ജാതനായതു്. അവിടുത്തെ സ്വർഗ്ഗാരോഹണത്തിനു മുൻപു തന്റെ ഈ ദിവ്യോദ്ദേശ്യത്തെ സാധിക്കുന്നതിനുള്ള ചുമതല തന്റെ പ്രിയ ശിഷ്യന്മാരെ ഇതാ ഏല്പിക്കുന്നു. അവർ തങ്ങളുടെ പ്രാർത്ഥനകൊണ്ടും പരിശ്രമംകൊണ്ടും സന്മാതൃകകൊണ്ടും വി. പൌലോസ്ശ്ലീഹാ പറയുന്നതുപോലെ ആദ്യ നൂററാണ്ടിൽ തന്നെ, ഭൂലോകമെങ്ങും ഈ മതത്തെ പ്രചരിപ്പിച്ചു.

അന്നത്തെ സ്ഥിതി എന്തായിരുന്നു? ചക്രവർത്തികളും പ്രഭുക്കളും, സമുദായ നേതാക്കന്മാരും സാധാരണ ജനങ്ങളും ഈ മതത്തെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി നിരന്തര പരിശ്രമം ചെയ്തിരുന്നു. ഇങ്ങനെ എല്ലാവരും തന്നെ മതവിരോധികളായിരുന്ന അക്കാലത്തു് തങ്ങളുടെ ദിവ്യരക്ഷകന്റെ അന്ത്യശാസനത്തെ സാധിക്കുന്നതിനുവേണ്ടി തങ്ങളുടെ രക്തം ചിന്തിക്കൊണ്ടു് അവിടുത്തെ ശിഷ്യന്മാരും ആദ്യക്രിസ്ത്യാനികളും നിരന്തരമായി പരിശ്രമിക്കുന്നു. തൽഫലമായി ചുരുങ്ങിയ കാലത്തിനിടയിൽ ഭൂലോകമെല്ലാം കത്തോലിക്കാ തിരുസഭ പ്രചരിക്കുന്നു.

നമ്മുടെ മാതാവായ തിരുസഭ ഇപ്രകാരം ആദ്യ ശതാബ്ദം മുതൽ ഇന്നുവരെ

തന്റെ ദിവ്യമണവാളന്റെ ഉദ്ദേശ്യപൂർത്തിക്കായി ചെയ്തിട്ടുള്ള ശ്രമങ്ങൾ സംഖ്യാതീതങ്ങളാണ്. അക്കൂട്ടത്തിൽ "ഭാഗ്യസ്മരണാസ്പദനായ പരിശുദ്ധപിതാവ് ൧൫–ാം ഗ്രിഗോറിയോസ് പാപ്പാ ൧൬൨൨ ജൂൺ ൨൨–ാം തിയ്യതി "In scrutabili Divinae Providentiæ arcano"– 'ദൈവപരിപാലനയുടെ അത്യഗാധരഹസ്യം'– എന്ന തിരുവെഴുത്തിൻപ്രകാരം പ്രോപ്പഗാന്ത തിരുസംഘത്തെ ആഘോഷപൂർവ്വം ഏർപ്പെടുത്തുകയും ഗുരുതരവും വിശിഷ്ടതരവുമായ അതിന്റെ പരമോദ്ദേശ്യമായി ലോകത്തിന്റെ നാനാഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന എല്ലാ മിസ്സങ്ങളുടേയും മേലധ്യക്ഷം വഹിച്ച് അവയെ യഥായോഗ്യം നിയന്ത്രിക്കുന്നതിനു നിശ്ചയിക്കുകയും ചെയ്തു.

ഈ തിരുസംഘത്തിന്റെ നായകത്വത്തിലും മേൽനോട്ടത്തിലും വേദസാക്ഷിയായ ഫിദേലിസു സീഗ്‌വരീഞ്ഞൊ ആദിയായ പ്രേഷിതന്മാർ യൂറോപ്പിലെന്നു മാത്രമല്ല വിദൂരമായ മററനേകരാജ്യങ്ങളിലും ദ്വീപുകളിലുമുള്ള വിവിധവർഗ്ഗക്കാരുടെ ഇടയിൽ വൈദികവും ലൗകികവുമായി ചെയ്തിട്ടുള്ള നന്മകളുടെ കണക്ക് ദൈവത്തിനു മാത്രം അറിയാവുന്നതാണ്.

വിളവു കൊയ്തുതീർക്കുന്നതിന് ഇനിയും ധാരാളമുണ്ടു. കൃഷികവൃത്തിക്കുള്ള ഭൂമിയും കണക്കില്ലാതെ ഇനിയും ശേഷിച്ചിരിക്കുന്നു. അതായതു് അസംഖ്യം ആളുകൾ ഇനിയും അന്ധകാരത്തിലും മരണത്തിന്റെ നിഴലിലും സുവിശേഷപ്രകാശത്തേയും സമാധാന ദൂതത്തേയും പ്രതീക്ഷിച്ചുകൊണ്ടിരിക്കുന്നു.

ആയതിനാൽ ഈ തിരുസംഘം സ്ഥാപിച്ചിട്ട് മൂന്നു ശതവർഷം പൂർത്തിയാകുന്ന ഈ അവസരത്തിൽ അതിന്റെ ജന്മനാൾ ആഘോഷപൂർവ്വം ആചരിക്കുന്നതു യുക്തമായിരിക്കുമല്ലോ. ൧൫–ാം ഗ്രിഗോറിയോസു മുതൽ ഇത്രയധികം മാർപ്പാപ്പാമാർ മതപ്രചാരവേലയിൽ തങ്ങളുടെ അക്ഷീണപരിശ്രമവും ബുദ്ധിപൂർവ്വമായ ആലോചനയും ധാരാളമായ ധനസഹായവുംമൂലം എത്രയധികം സഹകരിച്ചിട്ടുണ്ടെന്ന് ഓർമ്മയിൽവരുത്തുന്നതു് സന്ദർഭോചിതമായിരുന്നാണ്.



ഈ പ്രോപ്പഗാന്തതിരുസംഘം സത്യവിശ്വാസത്തിലേക്കും ഉത്തമ പരിഷ്കാരത്തിലേക്കും മനുഷ്യരെതിരിച്ചുകൊണ്ടുലോകത്തിന് എത്രവിശിഷ്ടതരമായ ഗുണങ്ങൾ പ്രദാനം ചെയ്തിട്ടുണ്ടെന്നുള്ളോർക്കുന്നതു് എത്രയോ സന്തോഷപ്രദമാണ്. കൂടാതെയും ഈ മാനസാന്തരവേലയ്ക്കായി പ്രയത്നിച്ചിട്ടുള്ള അസംഖ്യം മിഷ്യനറിമാരുടെയും അവരോടു യോജിച്ചു പ്രവർത്തിച്ചിട്ടുള്ള അനേകം സ്ത്രീപുരുഷന്മാരുടെയും ഗംഭീരപരിശ്രമങ്ങളേയും ഔദാര്യബുദ്ധികളായ സമ്പന്നന്മാരുടേയും നിർധനന്മാരായ അനേകം വിശ്വാസികളുടേയും ധനസഹായവും പ്രാർത്ഥനയുംമൂലംലഭിച്ചിട്ടുള്ള സഹായങ്ങളേയും ഈ അവസരത്തിൽസ്മരിക്കേണ്ടതും അവരെ അനുകരിക്കുന്നതിനു പരിശ്രമിക്കേണ്ടതും നമ്മുടെ ഏററം പ്രധാനമായകടമയാണെന്നുള്ളതിനു യാതൊരു സംശയവുമില്ല.

പൂർവ്വക്രിസ്ത്യാനികളുടെ കടമ തന്നേയാണ് ഇന്നു നമുക്കും ഉള്ളതു്. അന്നത്തെ വേദപ്രചാരത്തിനുള്ള വൈഷമ്യങ്ങൾ യാതൊന്നും ഇന്നു നമുക്കില്ല. അന്ന് പരിശ്രമിക്കുന്നതിനു സഭാംഗങ്ങൾ വളരെ കുറവായിരുന്നു. എന്നാൽ അവർ തങ്ങളുടെ കടമയെ വേണ്ടവണ്ണം മനസ്സിലാക്കി ഐക്യത്തോടുകൂടി പ്രവർത്തിച്ചു. സംഖ്യയിൽ തുലോം തുഛമായിരുന്ന ഏതാനും ആളുകളുടെ പ്രവൃത്തിയുടെ ആശ്ചര്യകരമായ ഫലത്തെക്കണ്ടു ഇപ്പോൾ നാം വിസ്മയിക്കുന്നു. ഇന്ന് തിരുസഭയുടെ അംഗങ്ങളെക്കൊണ്ടു ലോകം നിറഞ്ഞിരിക്കുന്നു. എന്നിട്ടും അജ്ഞാനാന്ധകാരത്തിൽ നിമഗ്നരായി നമ്മുടെ ചുററും വസിക്കുന്ന സഹോദരങ്ങൾക്കു സുവിശേഷവെളിച്ചത്തെ പ്രകാശിപ്പിക്കുന്നതിനു നാം അശക്തരായി കാണപ്പെടുന്നു.

വന്ദ്യസഹോദരന്മാരേ, സ്നേഹിക്കപ്പെട്ട മക്കളേ, നാം അന്യന്മാരുടെ രക്ഷയ്ക്കു വേണ്ടി പരിശ്രമിക്കുന്നതിന് ആഗ്രഹിക്കുന്നു എങ്കിൽ ഒന്നാമതു നമ്മെത്തന്നെ ശുദ്ധീകരിക്കുകയും യഥാർത്ഥമായ ഉപവിയോടുകൂടി ഇതരന്മാരുടെ രക്ഷക്കായി നമ്മെ ബലി സമർപ്പിക്കയും ചെയ്യേണ്ടതാണ്. ഇതിലേക്കു രക്ഷയുടെ

ഏററം ശക്തിമത്തായ ഉപകരണമായി ദൈവം തെരഞ്ഞെടുത്ത പരിശുദ്ധ കന്യകമറിയത്തിൻെറ ഭക്തിയിൽ പൂർവ്വാധികം വർദ്ധിക്കുന്നതിന് നാം പരിശ്രമിക്കേണ്ടതാകുന്നു. ലോകത്തിൻെറ രക്ഷയ്ക്കു നാം ഉപകരണങ്ങളായിത്തീരണമെങ്കിൽ ലോകരക്ഷാർത്ഥം ഭൂജാതനാകുന്നതിന് തൻെറ അമ്മയായി നമ്മുടെ കർത്താവു തെരഞ്ഞെടുത്ത ഈ പരിശുദ്ധ കന്യകയോടു നാം ഹൃദയംകൊണ്ടു യോജിച്ചിരിക്കേണ്ടതാണ്. ആകയാൽ ഈ മേമാസത്തെ അത്ഭുതപൂർവ്വമായ ഭക്തിയോടുകൂടി ആചരിക്കുന്നതിനും, ഈ ദിവ്യജനനിയിൽ വിശേഷവിധിയായി പ്രദ്യോതിക്കുന്ന എളിമ, പരിശുദ്ധി ഉപവി ആദിയായ വിശിഷ്ടപുണ്യങ്ങളെ അനുകരിക്കുന്നതിനും നിങ്ങൾ പ്രത്യേകം പരിശ്രമിപ്പിൻ. ഇപ്രകാരം ഈ തിരുമാതാവിൽ പ്രശോഭിക്കുന്ന പുണ്യങ്ങളെ നാം അനുകരിക്കുന്നു എങ്കിൽ നിശ്ചയമായും നാം ഇതരന്മാരുടെ രക്ഷയ്ക്കുപകരിക്കുന്ന ആയുധങ്ങളായിത്തീരുന്നതാണ്.

രണ്ടാമത് നമ്മുടെ ദിവ്യരക്ഷകനായ ഈശോമിശിഹാ അരുളിച്ചെയ്തിരിക്കുന്നതുപോലെ "വിളവാകട്ടെ അധികമാകുന്നു, വേലക്കാരോ എന്നാൽ ചുരുക്കമായിരിക്കുന്നു", ആകയാൽ വിളവിൻെറ യജമാനനോട് കൊയ്ത്തിനായി വേലക്കാരെ അയക്കുന്നതിന് നിങ്ങൾ പ്രാർത്ഥിപ്പിൻ" (വി. ലൂക്കാ ൧൦—൨)

നമ്മുടെ ദിവ്യരക്ഷകൻെറ ഈ വചനങ്ങളിൽനിന്നു വിശ്വാസപ്രചാരത്തിന് അത്യന്താപേക്ഷിതമായിട്ടുള്ളത് പ്രാർത്ഥനയാണെന്നു ഗ്രഹിച്ചുകൊണ്ട് പരിശുദ്ധസിംഹാസനത്തിൽനിന്നു പ്രോപ്പഗാന്ത തിരുസംഘത്തിൻെറ മൂന്നാംശതവത്സരപൂർത്തീകരണവർഷമായ ഈയാണ്ടിൽ പന്തക്കുസ്താതിരുനാളിനു മുമ്പുള്ള മൂന്നു ദിവസം ഓരോപള്ളികളിലും പരസ്യപ്രാർത്ഥനകൾ നടത്തണമെന്നും, അതിൽ സംബന്ധിക്കുന്നവരോടു വിശ്വാസപ്രചാര സംബന്ധമായ വിഷയങ്ങളെക്കുറിച്ചു ബ. വൈദികർ പ്രസംഗങ്ങൾ ചെയ്യണമെന്നും ആജ്ഞാപിക്കയും പ്രസ്തുത ദിവസങ്ങളിൽ മേൽപ്പറഞ്ഞ പ്രകാരമുള്ള പള്ളിക്രമങ്ങളിൽ സംബന്ധിക്കുന്ന വിശ്വാസികൾക്ക് ഓരോ ദിവസവും ൩൦൦ ദിവസത്തെ ദണ്ഡവിമോചനവും അവസാനദിവസം പൂർണ്ണദണ്ഡവിമോചനവും ദയാപൂർവ്വം അനുവദിക്കുകയും, ഓരോ പള്ളികളിലും അതാതു രൂപതകളിലെ മെത്രാന്മാർ നിശ്ചയിക്കുന്ന പട്ടക്കാർക്ക് അവസാന ദിവസം മാർപ്പാപ്പാസ്ഥാപിച്ചുകൂട്ടുത്ത ആശീർവ്വാദം കൊടുക്കുന്നതിന് അനുമതിനൽകുകയും ചെയ്യുന്നതായ ഒരു തിരുവെഴുത്തു പ്രോപ്പഗാന്തതിരുസംഘത്തിൻെറ വന്ദ്യാധ്യക്ഷനായ അത്യുന്നത കർദ്ദിനാൾ വാൻറോസം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

ഈ തിരുവെഴുത്തിനെ അടിസ്ഥാനപ്പെടുത്തി നാം കല്പിക്കുന്നതെന്തെന്നാൽ:

(1) ഈ ത്രിദിനങ്ങളിൽ കാലത്തു കുർബ്ബാന കഴിഞ്ഞ് ബ. വികാരിയോ അദ്ദേഹത്താൽ നിയോഗിതരായ മററു പട്ടക്കാരോ വിശ്വാസപ്രചാരസംബന്ധമായ വിഷയങ്ങളെക്കുറിച്ചു പ്രസംഗങ്ങൾ നടത്തണം.

(2) പ്രസംഗാനന്തരം വി. കുർബ്ബാന പരസ്യമായി എഴുന്നെള്ളിച്ചുവച്ചുകൊണ്ട് പന്തക്കുസ്താ തിരുനാളിനു മുമ്പുള്ള ത്രിദിനാപേക്ഷകൾ പതിവുപോലെ നടത്തുകയും അതിൻെറ അവസാനത്തിൽ ഇതോടു ഒന്നിച്ച് അയക്കുന്ന വി. ശൗര്യാർ പുണ്യവാൻെറ ജപം കൂടി ചൊല്ലുകയും ചെയ്യണം.

(3) പാടുള്ളവരെല്ലാം കുമ്പസാരിച്ചു വി. കുർബ്ബാന ഉൾക്കൊണ്ടു വിശ്വാസപ്രചാരത്തിനായി പ്രാർത്ഥിക്കണം.

(4) ഈ മൂന്നു ദിവസവും ഓരോ പള്ളിയിലും ഓരോ പണപ്പിരിവുകൾ നടത്തുകയും, പിരിയുന്ന സംഖ്യ ഇവിടേയ്ക്കു അയച്ചുതരികയും ചെയ്യണം; ഈ സംഖ്യ നമുക്കു പ്രോപ്പഗാന്തതിരുസംഘത്തിൽനിന്നു ലഭിച്ചിട്ടുള്ള നിസ്സീമമായ നന്മകളുടെ കൃതജ്ഞതാസൂചകമായി നാം ഈ തിരുസംഘത്തിലേക്ക് അയച്ചുകൊടുക്കുന്നതുമാണ്.

(5) അവസാനദിവസം ഓരോ ഇടവകകളിലും പള്ളിച്ചെലവിന്മേൽ ആഘോഷമായ ഓരോ പാട്ടുകുർബ്ബാനയോ തപസ്സുകുർബ്ബാനയോ നടത്തുകയും വി. കുർബ്ബാനയുടെ വാഴ്വു കഴിഞ്ഞു ബ. വികാരിമാർ മാർപ്പാപ്പാസ്ഥാപിച്ചുകൂട്ടുത്ത ആശീർവ്വാദം കൊടുക്കുകയും ചെയ്യണം.

# തിരുഹൃദയ ദർപ്പണം.

ക്രൂടാരത്തിൻെറ വാതുക്കൽ നിർമ്മലമായ ഒരു വിളക്കുപാത്രം വയ്ക്കുന്നതിനും ബലി സമർപ്പിക്കുന്നതിനുവരുന്ന പുരോഹിതന്മാർ അതിൽനോക്കി തങ്ങളുടെ മുഖത്തെയുംമററും ശരിപ്പെടുത്തുന്നതിനും ദൈവം പഴയ നിയമത്തിൽ കല്പിച്ചിരുന്നു. അശുദ്ധിയായവ പ്രതിബിംബിച്ചു കാണിച്ചിരുന്ന ഈ വിളക്കുപാത്രം ഈശോയുടെ ദിവ്യഹൃദയത്തിൻെറ ഒരുസദൃശമാണെന്നു പറയാം. സകല പുണ്യങ്ങളും ഇതിൽ പ്രതിബിംബിക്കുന്നുണ്ട്. ഇതിൽനോക്കുന്നവക്കു മലിനതകളെ കാണാമെന്നുമാത്രമല്ല, അവയെ അതിൻെറ തിരുരക്തത്താൽതന്നെ കഴുകി വെടിപ്പാക്കുകനും ചെയ്യാം.



ഒരിക്കൽ തിരുഹൃദയത്തെഅത്യധികം സ്നേഹിച്ചിരുന്ന കത്തറീനാ റക്കോണിയ എന്ന കന്യക തൻെറ വിശ്വാസക്കണ്ണുകൾകൊണ്ടു ഈ തിരുഹൃദയ കണ്ണാടിയിൽ നോക്കിയപ്പോൾ അതിൽ അവളുടെ ഹൃദയത്തിലുണ്ടായിരുന്ന കറകളെല്ലാം സുവ്യക്തമായി കാണപ്പെട്ടു. ഉടനെ ആ ഭക്ത തൻെറ ഹൃദയം എടുത്തു കത്താവിൻെറ തിരുരക്തത്തിൽ വെടിപ്പാക്കി തിരിച്ചുവെക്കുന്നതിനു അപേക്ഷിച്ചു. ദിവ്യരക്ഷകൻ അവളുടെ അഗ്രഹം സാധിച്ചുകൊടുത്തു; താൻ അവളുടെ ഹൃദയം എടുത്തു വെണ്മയുള്ളതും നിർമ്മലമായതുമാക്കി യഥാസ്ഥാനത്തിൽ വീണ്ടുംവച്ചു. ജാൺ വെയിർ എന്ന ഈശോസഭക്കാരൻ സാക്ഷിക്കുംവണ്ണം ഈ ശുദ്ധീകരണക്രിയ ആ കന്യകാരത്നത്തിൻെറ ജീവിതത്തിൽ അത്യുപ്രാവശ്യം ഉണ്ടായിട്ടുണ്ട്. അല്പ വിശ്വാസികൾക്കു ഏതന്മാതിരി പ്രസ്താവങ്ങൾ ഹാസ്യജനകങ്ങളായി തോന്നിയേക്കാം. എന്നാൽ ദൈവൈക്യ ശാസ്ത്രം (Mystic Theology) ഗ്രഹിച്ചിട്ടുള്ളവക്കു ഇപ്രകാരമുള്ള അസാധാരണങ്ങളായ മനോഗുണങ്ങൾ ചില പരിശുദ്ധന്മാക്കു ലഭിക്കുന്നുണ്ടെന്നുള്ളതു അറിയാവുന്നതാണു്.

അല്ലയൊ ക്രിസ്തീയആത്മാവേ! രാത്രിയിൽ നീ നിദ്രക്കു പോകുന്നതിനു മുമ്പു നിൻെറ ആത്മത്തെ പരിശോധിക്കുന്നതിനായി ദിവ്യദർപ്പണമായ ഈശോയുടെ തിരുഹൃദയത്തിലേക്കു നിൻെറ കണ്ണുകളെ തിരിക്കുക. അവിടെ നിന്നെ കുററാരോപണം ചെയ്യുന്ന പലതും നീ കണ്ടെത്തും. ഈശോയുടെ എളിമ എത്രയൊ വിസ്മയാവഹം; അവിടുന്നു യൂദാസിൻെറ പാദത്തുങ്കൽ മുട്ടുകുത്തി; തന്നെക്കാൾ ഉത്തമനായി ബറാബ്ബാ ഗണിക്കപ്പെടുന്നതിനു അനുവദിച്ചു; രണ്ടു തസ്ക്കരന്മാരുടെമദ്ധ്യേ ക്രൂശിക്കപ്പെട്ടു. ഈശോയുടെ ദിവ്യഹൃദയത്തിൻെറ എളിമ എത്ര വലുതായിരിക്കുന്നു. പ്രത്യുത ലൌകികബഹുമാനങ്ങൾക്കും വസ്തുസമ്പാദ്യത്തിനുമായുള്ള വ്യത്ഥാഗ്രഹങ്ങളിൽപെട്ടു നട്ടംതിരിയുന്ന നിൻെറ സ്വന്തഹൃദ

യത്തിൽനിന്നു ആ പുണ്യം എത്രയൊ അകന്നിരിക്കുന്നു.

നിൻെറ അയൽക്കാരനോടു നീ വർത്തിച്ചുപോരുന്ന രീതിയിലും പല ന്യൂനതകളുള്ളതായി ആ പരമകണ്ണാടിയിൽ നിന്നു നീ കാണും. നിന്നെത്തന്നെ നീ സ്നേഹിക്കുന്നതുപോലെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുന്നതിനും ശത്രുക്കളെപ്പോലും നിൻെറ സഹോദരന്മാരായി പരിഗണിക്കുന്നതിനും ഉപദേശിക്കതന്നെയല്ല, തൻെറ ദിവ്യമാതൃകയാലെ നിനക്കു കാണിച്ചുതരികയും ചെയ്തിട്ടുള്ള ആ സ്വർഗ്ഗീയ ഗുരുവിൻെറ ശിഷ്യനെന്നു വിളിക്കപ്പെടുവാൻ നീ യോഗ്യനല്ലെന്നു ലജ്ജാപൂർവ്വം നീ സമ്മതിക്കാതിരിക്കയില്ല.

ഇപ്രകാരം നാനാവിഷയങ്ങളിലും പ്രതിദിനം നിന്നെത്തന്നെ പരിശോധിച്ചുനോക്കുന്നതിലേക്കു ഈ ദിവ്യദർപ്പണം നിൻെറ കുടുംബത്തിൻെറ ഒരു പ്രധാന സ്ഥലത്തു സ്ഥാപിച്ചിരിക്കേണ്ടതു ഒഴിച്ചുകൂടാത്ത ഒരാവശ്യമാകുന്നു. തിരുഹൃദയത്തിനു നിൻെറ കുടുംബത്തെ പ്രതിഷ്ഠിച്ചു, ദിവ്യരക്ഷകനെ അതിൻെറ രാജാവായി ഇതേവരെ നീ പ്രഖ്യാപനം ചെയ്തിട്ടില്ലെങ്കിൽ ഇതാ ഇപ്പോൾ ആരംഭിച്ചിരിക്കുന്ന ഈ തിരുഹൃദയ വണക്കമാസത്തോടെയെങ്കിലും അത്യന്തം പ്രയോജനകരമായ പ്രസ്തുത ഭക്തകൃത്യത്തെ നീ നിറവേററുക. "ഇന്നേദിവസം ഈ ഭവനത്തിനു രക്ഷ ആഗമിച്ചിരിക്കുന്നു" എന്നു ലോകരക്ഷകൻ സക്കേയോടു അരുളിച്ചെയ്ത തിരുവചനങ്ങൾ യഥാർത്ഥത്തിൽ നിൻെറ കുടുംബത്തിനു അനുഭവസിദ്ധമായിത്തീരും. ഈ പരിശുദ്ധ കണ്ണാടിയിൻമുമ്പാകെ ഇടവിടാതെജീവിച്ചുതുടങ്ങുമ്പോൾ, നീയും നിൻെറ കുടുംബാംഗങ്ങളും അചിരേണ പുണ്യത്തിൽ വർദ്ധിക്കയും, തൻെറ ദിവ്യഹൃദയ സ്വരൂപങ്ങൾ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്ഥലങ്ങൾക്കു താൻ വാഗ്ദാനം ചെയ്തിട്ടുള്ള ആശീർവ്വാദങ്ങൾക്കു നീയും ഭാഗഭാക്കാകയും ചെയ്യും.

ഫാദർ മാത്യു പുതിയിടം.

## പ്രാർത്ഥനാഗീതം.

(മത്താഡാ എന്ന മട്ടു)

ക്രൂരേറെയ്യുന്നീടണെ ദൈവമാതാവ!
വേറെയില്ലവലംബം മറിയമെനീയെന്നിൽ ക്രൂരേറെ..

പ്രസവത്തിൻമുൻകന്യേ പ്രസവകാലവും കന്യേ
പ്രസവശേഷം കന്യേ പ്രസാദിക്കെന്നിൽധന്യേ ക്രൂരേറെ..

പാപിഞാൻനന്ദിഹീനൻ കോപിക്കൊല്ലനിൻകൃപ
പ്രാപിപ്പാൻ പദാംബുജേ നിന്നൻപിരന്നിടുമെന്നിൽ. ക്രൂരേറെ..

അരികൾമൂവരുമെന്നെ ദുരിതത്തിൽപതിപ്പിപ്പാൻ
അരിശത്തോടടുക്കുന്നെൻ പരിശുദ്ധമറിയമെ! ക്രൂരേറെ..

പോരിന്നായ് നാണമെന്യേ വൈരികൾമാറിമാറി
നേരിട്ടിടുന്നിവരെ ത്വരിതമകററിയേററം. ക്രൂരേറെ..

വിരക്തിയെളിമഭക്തി പരസ്നേഹാദികളെല്ലാം
തിരുമകനോടിരന്നു തരുവിക്കേണമെയമ്മേ! ക്രൂരേറെ..

ആപൽക്ലേശമൂലമാം പാപത്തിൽവീണിടാതെ
രാപകൽകാക്കണം നിൻ ശ്രീപത്താരാശ്രയം. ക്രൂരേറെ..

കട്ടക്കയത്തിൽ തൊമ്മൻ മാപ്പിള.

# മിശിഹായുടെ സഭയും ഛേദിക്കപ്പെട്ട ശിഖരങ്ങളും.

ഇപ്പോൾ ഭൂമുഖത്തെ അധിവസിക്കുന്ന ക്രിസ്ത്യാനികളുടെ ആകെത്തുക നൂറ കോടിയാണ്. ഈ വലിയ ഗണം തമ്മിൽ ആശ്രയമില്ലാത്തതും വിപരീത മതോപദേശങ്ങളെ സ്വീകരിക്കുന്നതുമായ അനേക സഭകളായി വിഭജിക്കപ്പെട്ടിരിക്കുന്നു. അവയിൽ ഓരോന്നും അവയുടെ വിശ്വാസം മിശിഹാ വെളിപ്പെടുത്തിയതെന്നു ഘോഷിക്കുന്നു. മിശിഹാ ഏക സഭയെ സ്ഥാപിച്ചു. നിത്യസത്യമായ അവിടുന്ന് വെളിപ്പെടുത്തിയ സത്യങ്ങളത്രെ ഈ വിവിധ സഭകളും സ്വീകരിക്കുന്നതു എന്നു പറഞ്ഞു കൂടാ. തമ്മിൽ വിപരീതമായ ഉപദേശങ്ങൾ അങ്ങിൽ നിന്നു പുറപ്പെടുകയില്ല. ആകയാൽ മിശിഹാ സ്ഥാപിച്ച സഭ ഈ ഭിന്നസഭകളിൽ ഒന്നുമാത്രമാണ്. മററുള്ളവ മിശിഹായുടെ സഭയോടു പോരാടുമെന്നു അവിടുന്നു പ്രവചിച്ചറിയിച്ചിട്ടുള്ള നരകവാതിലുകളും, കുഞ്ഞാടുകളുടെ വേഷം ധരിച്ച ചെന്നായ്ക്കളുടെ സ്ഥാപനങ്ങളുമത്രെ.

മിശിഹായുടെ ഏക സഭയെ തിരിച്ചറിയുന്നതിനു വേദപുസ്തകത്തേയും പാരമ്പര്യത്തേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ട് ആദിമ സഭ ചില ലക്ഷണങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. മിശിഹായുടെ സഭ ഏകവും, വിശുദ്ധവും, കാതോലിക്കവും, (പൊതുവായതു) ശ്ലീഹാസ്ഥൂടത്തുമത്രെ. അതു ഒരിക്കലും ക്ഷയിക്കാതെ ലോകാവസാനത്തോളം നിലനിൽക്കും. മിശിഹായുടെ സഭ വിശ്വാസത്തിൽ ഏകമായിരിക്കണം. ആകയാൽ, വിപരീതോപദേശങ്ങൾ പഠിപ്പിക്കുന്ന ഭിന്ന സഭകളുടെ കൂട്ടം മിശിഹായുടെ ഏക സഭയായിരിക്കാൻ പാടില്ല. ഈ സഭകളിൽ ഒന്നു മാത്രം മിശിഹായുടെ സഭയാണ്. മേൽ പ്രസ്താവിക്കപ്പെട്ട എല്ലാ ലക്ഷണങ്ങളും പൂർണ്ണമായി യോജിക്കുന്ന സഭ, ക്രിസ്ത്യാനികളിൽ ഭൂരിപക്ഷത്തേയും അടക്കിക്കൊള്ളുന്ന റോമൻകത്തോലിക്കാസഭയെന്നു നിഷ്പക്ഷതയോടെ ആലോചിക്കുന്ന ഏവനും എളുപ്പത്തിൽ ഗ്രഹിക്കാം. റോമൻകത്തോലിക്കാസഭയിലുൾപ്പെട്ടിരിക്കുന്നവരെല്ലാവരുടെയും വിശ്വാസം ഏകമത്രെ. ആ സഭ ആരംഭം മുതൽ ഇന്നുവരെ ശുദ്ധന്മാരുടെ വിളനിലമായി പരിലസിക്കുന്നു. "എന്നിൽ വിശ്വസിക്കുന്നവർ ഇതിലും വലുതായ അത്ഭുതങ്ങൾ ചെയ്യു"മെന്നുള്ള നമ്മുടെ കർത്താവിന്റെ പ്രവചനത്തെ പൂർത്തീകരിക്കുന്ന അനേകം വിശുദ്ധന്മാർ എല്ലാ ശതകങ്ങളിലും, ഇദാനീന്തന കാലങ്ങളിലും ഈ സഭയിലുണ്ടായിട്ടുണ്ട്. നമ്മുടെ രാജ്യത്തു വന്നു അനേകം അത്ഭുതങ്ങളെ ചെയ്തു വളരെ ആളുകളെ മാനസാന്തരപ്പെടുത്തിയ വി. ഫ്രാംസിസ്കോസു ശവരിയാർ ഈ വിശുദ്ധരിൽ ഒരാളത്രെ. എല്ലാ സ്വാഭാവിക ശക്തികളേയും ജയിച്ചുകൊണ്ടു മൂന്നു നൂററാണ്ടുകളോളം ഗോവയിൽ അഴിയാതെയിരിക്കുന്ന ഈ സുകൃതിയുടെ തിരുശരീരം അദ്ദേഹത്തിന്റെ പരിശുദ്ധതയ്ക്കു സാക്ഷ്യം നൽകുന്നു. ഗോവയിലോളം യാത്രചെയ്യുന്നതിനു ഒരുക്കമുള്ളവർക്കു സ്വദൃഷ്ടിയിൽതന്നെ ഈ സംഭവം മനസ്സിലാക്കാം. റോമൻകത്തോലിക്കാസഭയിൽ നിന്നു വേർതിരിഞ്ഞ യാതൊരു സഭയിലും അതിന്റെ വേർപാടിന്റെ ശേഷം യാതൊരു പരിശുദ്ധനും വിളങ്ങിയിട്ടില്ല.

റോമൻകത്തോലിക്കാസഭ ജനസംഖ്യയിലും വ്യാപ്തിയിലും മറെറല്ലാസഭകളേയും അതിശയിക്കുന്നു. മററു സഭകളെല്ലാം ജാതീയ സഭകളത്രെ. റോമൻകത്തോലിക്കാസഭ എല്ലാ രാജ്യങ്ങളിലും എല്ലാ ജാതികളിലും വ്യാപിച്ചിരിക്കുന്നു. അതു ജനബാഹുല്യത്തിലും സ്ഥലവ്യാപ്തിയിലും ഭരണ ഘടനയിലും സാക്ഷാൽ കത്തോലിക്കാ അഥവാ പൊതുവായതായിരിക്കുന്നു. അതിന്റെ അംഗങ്ങൾ മറെറല്ലാ സഭകളുടെ അംഗങ്ങളുടെ ആകത്തുകയെക്കാൾ അധികമായിരിക്കുന്നു.

ഇപ്പോഴുള്ള സഭകളിൽ വച്ചു റോമൻകത്തോലിക്കാസഭക്കു മാത്രം അപ്പ

സ്തോലന്മാരിൽനിന്നുള്ള ഉത്ഭവത്തെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. ഇതിന്റെ സ്ഥാപകൻ ഇന്ന മനുഷ്യൻ അഥവാ ഇന്ന പാപ്പാ എന്നു രേഖാമൂലവും ന്യായസഹിതവും ചൂണ്ടിക്കാണിക്കുന്നതിനു അതിന്റെ വിരോധികൾക്കു ഇന്നുവരെ സാധിച്ചിട്ടില്ല. മിശിഹാ അതിന്റെസ്ഥാപകനല്ലെങ്കിൽ അതിനു സ്ഥാപകനില്ലെന്നുപറയാതെ ഗത്യന്തരമില്ല. എന്നാൽ ഇപ്പോഴുള്ള മറ്റെല്ലാ ക്രിസ്തീയസഭകളും നാലാം ശതകത്തിനു ശേഷം മാത്രം ഉത്ഭവിച്ചിട്ടുള്ളവയാണ്. അവയിൽ ഓരോന്നിന്റെയും പ്രത്യേക സ്ഥാപകന്മാരെയും ചരിത്രത്തിൽനിന്നും ചൂണ്ടിക്കാണിക്കുന്നതിനു പ്രയാസമില്ല. അപ്പസ്തോലന്മാരോടും അപ്പസ്തോല പിതാക്കന്മാരോടുംമറുതലിച്ചുകൊണ്ട് ഇബിയോ (Ebio) സേർഡോ(Cerdo)സെറിന്തു (Cerinth) മുതലായവർ സ്ഥാപിച്ച ഗോസ്റ്റിക്ക് (Gnostic) സഭകളും നാലാം ശതാബ്ദത്തിൽ ഉത്ഭവിച്ചു റോമ്മാ സാമ്രാജ്യം മുഴുവനിലും വ്യാപിച്ച അരിയൻ മതവും ഇപ്പോൾ നാമാവശേഷമായിരിക്കുന്നു. ഇപ്പോഴുള്ള അകത്തോലിക്കാ സഭകളിൽ വച്ച് ഏററവും പ്രാചീനമായതു നെസ്തോറിയൻ സഭയത്രെ. അതിന്റെ സ്ഥാപകൻ ൪൨൮-ൽ കൊൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായ നെസ്തോറിയസ് ആകുന്നു. റോമ്മാസഭയുടെ അദ്ധ്യക്ഷനായ സെലസ്റ്റീനോസുപാപ്പായുടെ സ്ഥാനപതികൾ ആദ്ധ്യക്ഷം വഹിച്ച എപ്പേസോസു സൂനഹദോസിൽവച്ചു ൪൩൧-ൽ നെസ്തോറീസും അനുഗാമികളും മിശിഹായുടെ സഭയിൽ നിന്നു ബഹിഷ്കരിക്കപ്പെട്ടു. നെസ്തോറിയൻ ഉപദേശം ഗ്രീക്കരാജ്യങ്ങളിൽനിന്നു ബഹിഷ്കരിക്കപ്പെട്ടെങ്കിലും പൌരസ്ത്യസുറിയാനിക്കാരിൽ ഭൂരിപക്ഷവും അതിനു വശംവദരായി. മദ്ധ്യശതകങ്ങളിൽ നെസ്തോറിയൻ സഭക്കു മെസൊപ്പൊട്ടോമിയായിലും പേർഷ്യായിലും വളരെ പ്രാബല്യമുണ്ടായിരുന്നെങ്കിലും അതിനുശേഷം അതിന്റെ അധോഗതി ആരംഭിച്ചു. ഇപ്പോൾ നെസ്തോറിയന്മാർ മുഖ്യമായി മെസൊപ്പൊട്ടോമിയായിലും പേർഷ്യായിലും തൃശ്ശൂർപ്പട്ടണത്തിലും വസിച്ചുവരുന്നു. ലോകം മുഴുവനിലുമുള്ള നെസ്തോറിയരുടെ ആകെത്തുക രണ്ടുലക്ഷത്തിൽ കുറവത്രെ.

മ്ശിഹായിൽ രണ്ടാളുകളുണ്ടെന്നുപദേശിച്ച നെസ്തോറിസിനു വിരോധമായി പ്രസംഗിച്ചവരുടെ കൂട്ടത്തിൽ ഒരാളത്രെ എവുത്തിക്കിയോസു. മ്ശിഹായിൽ ഒരാൾ എന്നപോലെ ഒരു സ്വഭാവം മാത്രമേയുള്ളു എന്നു അയാൾ ജല്പിച്ചു. അലക്സാന്ത്രിയാ പാത്രിയർക്കീസായ ഡിയോസ്കോറോസു അയാളെ പിൻതാങ്ങി. എവുത്തിക്കിയൻ അഥവാ ഏകസ്വഭാവവാദം ഇപ്രകാരമാണു ഉത്ഭവിച്ചതു്. ൪൫൧-ൽ ലെയോമാർപ്പാപ്പായുടെ സ്ഥാനപതികളുടെ അദ്ധ്യക്ഷതയിൽ കൽക്കദോനിയായിൽ സമ്മേളിച്ച സാർവ്വത്രികസൂനഹദോസു ഏകസ്വഭാവവാദികളേയും മിശിഹായുടെ സഭയിൽനിന്നു ബഹിഷ്കരിച്ചു. ഈജിപ്ത്, അർമ്മീനിയാ, സിറിയാ എന്നീ രാജ്യങ്ങൾ ഏകസ്വഭാവ ഉപദേശത്തിനു വശംവദരായി. എന്നാൽ ഏകസ്വഭാവത്തെ വ്യാഖ്യാനിക്കുന്നതിൽ ഉണ്ടായ അഭിപ്രായവ്യത്യാസങ്ങളും അന്തഛിദ്രങ്ങളും നിമിത്തം ഏകസ്വഭാവവാദികളുടെയിടയിൽ ൨൦-ലധികം വിഭാഗങ്ങളുണ്ടായി. ഈ കുഴപ്പങ്ങളെ തീർത്തു ഏകസ്വഭാവവാദികളെ ഏറെക്കുറെ യോജിപ്പിച്ചതു ൫൪൧-ൽ മെത്രാനായ യാക്കോബ് ബുർദാഹായത്രെ. ഈ യാക്കോബ് ഏകസ്വഭാവവാദികളുടെ രണ്ടാമത്തെ സ്ഥാപകനെന്നു ഗണിക്കപ്പെട്ടതിനാൽ ഏകസ്വഭാവവാദികൾക്കു—പ്രത്യേകിച്ചു സുറിയാനിക്കാരായ ഏകസ്വഭാവവാദികൾക്കു— യാക്കോബിന്റെ അനുഗാമികൾ അഥവാ യാക്കോബായക്കാർ എന്നും പേരുണ്ടായി. അഞ്ചാംനൂററാണ്ടിനു മുമ്പു ഏകസ്വഭാവവാദികളോ ആറാംനൂററാണ്ടിനു മുമ്പു യാക്കോബായക്കാരോ ലോകത്തിൽ ഇല്ലായിരുന്നു. ആകയാൽ യാക്കോബായ സഭയുടെ ഉൽഭവം അപ്പസ്തോല സഭയിൽ നിന്നല്ലെന്നു വിശദമാകുന്നു. യാക്കോബായപാത്രിയർക്കീസിനു അപ്പസ്തോലസഭയിൽ നിന്നുള്ള പിന്തുടർച്ചയാവട്ടെ, അന്തിയോക്കിയാ സിംഹാസനത്തിനു എന്തെങ്കിലും അവകാശമാവട്ടെ ഇല്ല. റോമാ സാമ്രാജ്യത്തിലെ ഒരു പ്രദേശമായ ഓറിയെൻറ്

അഥവാ പൌരസ്ത്യദേശം (സിറിയാ മെസൊപ്പൊട്ടാമിയാ) നിക്യാസൂനഹദോസ് അന്ത്യോക്യാ പാത്രിയർക്കീസിന്റെ അധികാരസീമയിൽ ഉൾപ്പെടുത്തി. ഈ അധികാരത്തെ ബന്ധിച്ചും യാക്കോബായ പാത്രിയർക്കീസിനു യാതൊരവകാശവുമില്ല. നിക്യാസൂനഹദോസിനു എന്തധികാരമുണ്ടായിരുന്നുവോ അതേ അധികാരം തന്നെ കൽക്കദോനിയായിൽ ൪൫൧-ൽ സമ്മേളിച്ച സൂനഹദോസിനുമുണ്ടായിരുന്നു. ഈ സൂനഹദോസാകട്ടെ ഏക സ്വഭാവവാദികളെ (യാക്കോബായക്കാരെ) ഇടത്തുട്ടുകാരെന്നു വിധിച്ചു മിശിഹായുടെ സഭയിൽനിന്നു ബഹിഷ്കരിച്ചു അന്ത്യോക്യായുടെ ഏക പാത്രിയർക്കീസായ മാക്സിമോസും ഈ സൂനഹദോസിൽ ഹാജരായി അതിന്റെ വിശ്വാസപ്രമാണത്തിനു കയ്യൊപ്പുവെച്ചുകൊണ്ടു ഏക സ്വഭാവവാദികളെ ശപിച്ചതിനാൽ ഏകസ്വഭാവവാദികൾ അന്ത്യോക്യാസിംഹാസനത്താലും സഭയിൽനിന്നു ബഹിഷ്കരിക്കപ്പെട്ടു. മാക്സിമോസു പാത്രിയർക്കീസിന്റെ മരണശേഷം അന്ത്യോക്യാസിംഹാസനം ശാശ്വതമായി കൈവശപ്പെടുത്തുന്നതിനു ഏകസ്വഭാവവാദികൾ ഒരു നൂററാണ്ടോളം പലേ അവസരങ്ങളിലും ശ്രമിക്കാതെയിരുന്നില്ല. കടശി അവരുടെ ശ്രമങ്ങൾ നിഷ്ഫലങ്ങളെന്നു കണ്ടു അതിൽനിന്നു അവർ പിന്മാറി. ൬-ാം ശതാബ്ദത്തിന്റെ മദ്ധ്യത്തിൽ യാക്കോബായക്കാർ യാക്കോബുബുർദാഹായാൽ അഭിഷിക്തനായ സെർജിയോസ് തെല്ലാസ് (Sergius Tellas) എന്ന ഒരു മെത്രാനെ അവരുടെ അദ്ധ്യക്ഷനായി തെരഞ്ഞെടുത്തു. അദ്ദേഹത്തിനു അന്ത്യോക്യാപാത്രിയർക്കീസു എന്നുള്ള സ്ഥാനവും കല്പിച്ചുകൊടുത്തു. സാക്ഷാലുള്ള അന്തിയോക്യാപാത്രിയർക്കീസു അന്നും അന്ത്യോക്യാ സിംഹാസനത്തിൽ ഭരിച്ചിരുന്നതിനാൽ യാക്കോബായ അദ്ധ്യക്ഷനു അന്ത്യോക്യാ പട്ടണത്തിൽ കാൽ വെക്കുന്നതിനുപോലും സാധിക്കാതെ അദ്ദേഹം അന്തിയോക്കിയായിൽനിന്നു വളരെ അകലെ മെസൊപ്പൊട്ടാമിയായിൽ വാസം ഉറപ്പിച്ചു. യാക്കോബായ സുറിയാനിക്കാരുടെ മേലദ്ധ്യക്ഷൻ എന്ന നിലയിൽ ഇപ്രകാരം ആറാംശതാബ്ദ മദ്ധ്യത്തിൽ ഭൂമുഖത്തിൽ കാണപ്പെട്ട യാക്കോബായ അദ്ധ്യക്ഷനും അയാളുടെ പിൻഗാമികൾക്കും പാത്രിയർക്കീസെന്നുള്ള നാമവും അന്തിയോക്കിയാ സിംഹാസനത്തോടുള്ള ബന്ധവും യാക്കോബായക്കാർ കല്പിച്ചുകൊടുത്തിട്ടുള്ളതു മാത്രമാകുന്നു. സാക്ഷാലുള്ള അന്തിയോക്കിയാ പാത്രിയർക്കീസിന്റെ പിൻഗാമികളായ ഗ്രീക്കു പാത്രിയർക്കീസന്മാർ പ്രഥമശതാബ്ദം മുതൽ ഇന്നുവരെ തുടർച്ചയായി ഭരണം നടത്തിക്കൊണ്ടിരിക്കുന്നു. ഇത്രയും പ്രസ്താവിച്ചതിൽ നിന്നു വി. പത്രോസ് അന്തിയോക്കിയായിൽസ്ഥാപിച്ച സിംഹാസനത്തിന്മേലും, അതിനു നിക്യാസൂനഹദോസു കല്പിച്ചുകൊടുത്ത അധികാരത്തിന്മേലും യാക്കോബായ പാത്രിയർക്കീസിനു യാതൊരു അവകാശവുമില്ലെന്നും, യാക്കോബായ പാത്രിയർക്കീസിനും സഭക്കും അപ്പസ്തോല പിന്തുടർച്ചയില്ലെന്നും വിശദമാകുന്നു. മാത്രമല്ല യാക്കോബായ പാത്രിയർക്കീസിന്റെ അധികാരം യാതൊരു ദിവ്യസ്ഥാപനത്തിന്മേലോ, ക്രിസ്തീയസഭയുടെ യാതൊരു നിയമത്തിന്മേലോ ആശ്രയിച്ചു നിൽക്കുന്നില്ലെന്നും, യാക്കോബായ ജനങ്ങളും മെത്രാന്മാരും അവരുടെ പാത്രിയർക്കീസിന്റെ മേലധികാരം സ്വീകരിക്കുന്നതിനുള്ള ഏക ന്യായം അവരുടെ സ്വാതന്ത്ര്യമനസ്സുമാത്രമെന്നും ഗ്രഹിക്കുന്നതിനു വലിയ ബുദ്ധിശക്തി ആവശ്യമില്ല.

യാക്കോബായസഭക്കു ശേഷം ഉത്ഭവിച്ച ഗ്രീക്കുസഭകൾക്കും പ്രൊട്ടസ്റ്റാൻറു സഭകൾക്കും അപ്പസ്തോല ഉത്ഭവമില്ലെന്നു തെളിയിച്ചിട്ടു ആവശ്യമില്ലെന്നു തോന്നുന്നു. ഒമ്പതാം ശതകത്തിൽ കൊൺസ്റ്റാൻറിനോപ്പിൾ പാത്രിയർക്കീസായിരുന്ന വി. ഇഗ്നാസിയോസിനെ രാജബലത്തിൽ ആശ്രയിച്ചുകൊണ്ടു കാരാഗ്രഹത്തിലേക്കയച്ചു ആ സ്ഥാനം കരസ്ഥമാക്കിയ ഫോസിയോസത്രെ ഗ്രീക്കുസഭയെ ആദ്യമായി റോമൻകത്തോലിക്കാ സഭയുടെ ഐക്യതയിൽനിന്നു വേർതിരിച്ചതു്. ലൂതർ, കാൽവിൻ, സ്വിംഗ്ലി, വെസ്ലി മുതലായവർക്കുമുമ്പു അവരുടെ നാമങ്ങളാൽ അറിയപ്പെടുന്ന സഭകളുമില്ലായിരുന്നു. ആകയാൽ ഇപ്പോളുള്ള സഭക

ളിൽവെച്ചു റോമൻകത്തോലിക്കാ സഭമാത്രം ശ്ലീഹാസ്ഥാപിതമായിരിക്കുന്നു. ആ സഭ ആരംഭംമുതൽ ശതകംതോറും ജനസംഖ്യയിലും വ്യാപ്തിയിലും നിരന്തരമായി വൎദ്ധിച്ചുകൊണ്ടിരിക്കുന്നു. നെസ്തോറിയരും യാക്കോബായക്കാരും അതിൽനിന്നു ബഹിഷ്കരിക്കപ്പെട്ടപ്പോൾ യൂറോപ്പിന്റെ വടക്കുപടിഞ്ഞാറെ രാജ്യങ്ങൾ മാനസാന്തരപ്പെട്ടു അതിന്റെ അംഗങ്ങളായി. ഗ്രേക്കർ അതിനെ ഉപേക്ഷിച്ചപ്പോൾ ഉത്തര യൂറോപ്പിലെ ജനങ്ങൾ അതിൽ ചേൎന്നു. പ്രോട്ടസ്റ്റൻറു മത്സരത്താൽ അതിനുണ്ടായ നഷ്ടം തെക്കേ അമേരിക്കായിലും ഏഷ്യായിലും അതിനുണ്ടായ ലാഭത്താൽ പരിഹരിക്കപ്പെട്ടു. അതിനെ നശിപ്പിക്കുന്നതിനു ചക്രവൎത്തികളും സാമ്രാജ്യങ്ങളും പാഷണ്ഡികളും നിരീശ്വരന്മാരും ചെയ്ത ശ്രമങ്ങളെ നിഷ്ഫലമാക്കിക്കൊണ്ടു അതു ഇന്നും ഏററവും ശക്തിയോടും മഹത്വത്തോടും സ്ഥിതി ചെയ്തു് അതിന്റെ ദിവ്യശക്തിയെ സ്പഷ്ടീകരിക്കുന്നു. മററുള്ള സഭകൾ മ്ശിഹായുടെ സഭയുടെ ഒരു ഭാഗമായി അതിനെ സ്വീകരിക്കുന്നു. എന്നാൽ അതു മ്ശിഹായുടെ ഏക സഭയെന്നു വാദിക്കയും അതിന്റെ വാദത്തെ ആദിമശതകങ്ങളുടെ സാക്ഷ്യങ്ങളാൽ സ്ഥിരീകരിക്കയുംചെയ്യുന്നു. റോമൻകത്തോലിക്കാസഭ പ്രദാനം ചെയ്യുന്ന ഈ ദൈവിക ലക്ഷണങ്ങളെക്കണ്ടു അതു മ്ശിഹായുടെ ഏക സത്യസഭയെന്നു ബോധം വരിക നിമിത്തമാണു ജൎമ്മനി, ഹോളണ്ടു്, ഇംഗ്ലണ്ടു, അമേരിക്കാ മുതലായ പരിഷ്കൃത രാജ്യങ്ങളിൽ നിന്നു ഇദാനീന്തനകാലങ്ങളിൽ അനേകലക്ഷം സത്യാന്വേഷികൾ അവരുടെ കാരണവന്മാരുടെ മതത്തെ ഉപേക്ഷിച്ചു കത്തോലിക്കാസഭയിൽ ചേരുന്നതു്. ഇംഗ്ലണ്ടിൽ നിന്നു തന്നെ ഈയകഴിഞ്ഞ ൫൦ കൊല്ലങ്ങളിൽ വൎഷംതോറും ശരാശരി പതിനായിരംആൾമേനികളും പതിനഞ്ചു വൈദികരും കത്തോലിക്കസഭയിൽ ചേൎന്നിട്ടുണ്ടെന്നു ഇംഗ്ലീഷ് പത്രങ്ങളിൽ കാണുന്നു. അമേരിക്കൻ ഐക്യരാജ്യങ്ങളിൽ ഒരു പ്രോട്ടസ്റ്റണ്ടുവൈദികനായിരുന്ന ശേഷം [illegible]–ൽ കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ട മെയേഴ്സു (Prof. Chas. Meyers) സാക്ഷ്യം നൽകുന്നതു ഐക്യരാജ്യങ്ങളിൽനിന്നു കൊല്ലംതോറും മാനസാന്തരപ്പെട്ടു കത്തോലിക്കരാകുന്നവരുടെ ശരാശരി തുക മുപ്പതിനായിരമാണെന്നത്രെ. സന്മാൎഗ്ഗത്തിലും ശാസ്ത്രജ്ഞാനത്തിലും ശോഭിക്കുന്നവരെന്നു പ്രോട്ടസ്റ്റൻറുകാർപോലും സമ്മതിക്കുന്ന മഹാന്മാരുടെ കൂട്ടത്തിൽ നിന്നാണു ഈ മാനസാന്തരങ്ങൾ മുഖ്യമായി സംഭവിക്കുന്നതെന്നും അദ്ദേഹം പ്രസ്താവിക്കുന്നു.

റോമൻകത്തോലിക്കാസഭയുടെ വിശ്വാസം ആദിമസഭാപിതാക്കന്മാരുടെ വിശ്വാസത്തിൽനിന്നു വ്യത്യസ്തമാണെന്നു ജനങ്ങളെ ധരിപ്പിച്ചുകൊണ്ടു കത്തോലിക്കാസഭയിലേക്കുള്ള ഒഴുക്കിനെതടയുന്നതിനായിലിററിൽഡെയിൽ (Little dail) ഗോർ (Gore) പ്രഭൃതികൾ വളരെ ശ്രമിച്ചിട്ടുണ്ടു്. ആദ്യത്തെ അഞ്ചു ശതകങ്ങളിൽ ജീവിച്ചിരുന്ന സഭാപിതാക്കന്മാർ, മാൎപ്പാപ്പായുടെ പരമാധികാരത്തേയും മററു കത്തോലിക്ക തത്വങ്ങളേയും കുറിച്ചു നൽകിയിരിക്കുന്ന സ്പഷ്ടങ്ങളും അനിഷേധ്യങ്ങളും ആയ അനേകം സാക്ഷ്യങ്ങളെ മനഃപൂൎവ്വം മറച്ചുകൊണ്ടു്, സന്ദൎഭത്തിലും സാഹചര്യങ്ങളിലും നിന്നു വേർതിരിക്കുന്നപക്ഷം പ്രഥമദൃഷ്ടിയിൽ കത്തോലിക്കാ വിശ്വാസത്തിനു വിരോധമെന്നു തോന്നിപ്പോകാൻ പാടുള്ള ചില സാക്ഷ്യങ്ങളെ സംഭവത്തിനെതിരായും സ്വന്ത ആഗ്രഹങ്ങൾക്കു അനുസരണമായും ദുൎവ്യാഖ്യാനം ചെയ്കയത്രെ ഇക്കൂട്ടർ ചെയ്തിരിക്കുന്നതു്. പിതാക്കന്മാരുടെ ഗ്രന്ഥങ്ങളെ വായിച്ചു ചെമ്പു തെളിയിക്കുന്നതിനു പ്രാപ്തിയില്ലാത്ത സാധാരണ ജനങ്ങളെ വഞ്ചിക്കുന്നതിനു ഇപ്രകാരമുള്ള ഗ്രന്ഥങ്ങൾ മതിയാകുമെന്നിരുന്നാലും സന്മാൎഗ്ഗത്തിലും ശാസ്ത്രത്തിലും ഒരുപോലെ നിപുണന്മാരായ മഹാന്മാരുടെ മാനസാന്തരത്തിനു ഈ കൃതികൾ യാതൊരു തടസ്സവും ചെയ്യുന്നില്ല. വ്യാജപ്രസ്താവനയിന്മേലും വഞ്ചനയിന്മേലും ആശ്രയിച്ചു ജീവിക്കുന്ന മതം വ്യാജത്തിന്റെ പിതാവായ പിശാചിന്റെ നിൎമ്മാണമാണെന്നു ഗ്രഹിക്കുന്നതിനു ഇതു അവരെ സഹായിക്കുന്നുവെന്നു പറയണം. (Cfr Criticism in 'The Month' June 1920 P P 578–

579 about 'Roman Catholic Claims' by Charles Gore, D. D., late Bishop of Oxford)

യാക്കോബായ സഭ മിശിഹായുടെ സഭയിൽനിന്നു ഛേദിക്കപ്പെട്ട ഒരു ശിഖരം മാത്രമെന്നും, യാക്കോബായ സഭക്കു അപ്പസ്തോല പിന്തുടർച്ചയോ യാക്കോബായ പാത്രിയർക്കീസിനു ദൈവദത്തമോ സത്യസഭയാൽ നൽകപ്പെട്ടതോ ആയ യാതൊരധികാരവുമില്ലെന്നും കത്തോലിക്കർ തെളിയിച്ചതിനാൽ ചില യാക്കോബായക്കാർ ഭഗ്നാശയരായി, തങ്ങളുടെ സഭയെ ആദരിക്കുന്നതിനു തരമില്ലെന്നു കണ്ടിട്ടു സത്യദ്വേഷികളായ പ്രൊട്ടസ്റ്റണ്ടുകാർ വകഞ്ഞുകെട്ടിയിട്ടുള്ളതും, കത്തോലിക്കരാൽ അനവധി ഗ്രന്ഥങ്ങൾ മൂലം അനേകം പ്രാവശ്യം പൂർണ്ണമായി ഖണ്ഡിക്കപ്പെട്ടിട്ടുള്ളതുമായ കെട്ടുകഥകളേയും കുയുക്തികളേയും പുതിയ വാദങ്ങളെന്നപോലെ വീണ്ടും പുറപ്പെടുവിക്കാൻ ഇതാ തുടങ്ങിയിരിക്കുന്നു. "പാപ്പാമതം" എന്ന ദൂഷിപത്രം ഇതിനു ഒരു ഉദാഹരണമാണ്. ഇപ്രകാരമുള്ള കൃതികളെ പുറപ്പെടുവിക്കുന്നതുകൊണ്ടു സജ്ജനങ്ങൾക്കു അവരുടെ അജ്ഞതയേയും അസത്യസ്നേഹത്തേയും വെളിപ്പെടുത്തുക മാത്രമേ ചെയ്യുന്നൊള്ളുവെന്നു ഇക്കൂട്ടർ അറിഞ്ഞിരിക്കട്ടെ.

ഫാദർ റൊമേറൂസ് സി. ഡി.

## ഫാദർ പയസ് അവർകളുടെ അഞ്ചുമുറിവുകൾ.

(ഫാദർ ജിഗ്ലിഞ്ചർ ഡി. ഡി. Tabernacle and Purgatory എന്ന മാസികയിൽ പ്രസിദ്ധീകരിച്ച ലേഖനത്തിൻെറ തർജ്ജിമ.)

കഴിഞ്ഞ കർക്കടകമാസത്തിൽ എനിക്കു നേരിട്ടു കാണുന്നതിനും സംസാരിക്കുന്നതിനും സൌകര്യപ്പെട്ട ഫാദർ പയസ് അവർകളെപ്പററി അറിയാവുന്ന സംഗതികൾ എഴുതി അയച്ചുതരണമെന്നു താങ്കൾ ആവശ്യപ്പെട്ടിരുന്നല്ലൊ. ഞാനറിഞ്ഞിട്ടുള്ള വിവരങ്ങൾ താഴെ എഴുതുന്നു:--

ഞാനവിടെനിന്നും പോരുന്നതിനു മുമ്പായി അദ്ദേഹത്തെക്കുറിച്ചുകേട്ടിരുന്നെങ്കിലും, ഞാനും, "തൊട്ടുവിശ്വസിച്ച തോമ്മാ"യെപ്പോലെയായിരുന്നതിനാൽ എൻെറകണ്ണുകൾക്കു പ്രത്യക്ഷമായതുവരേ അതേപ്പററി എനിക്കു തീരെ വിശ്വാസം തോന്നിയില്ല. എന്നാൽ ഞാൻ അദ്ദേഹത്തെ നേരിട്ടു കണ്ടപ്പോൾ, എനിക്കു മുമ്പുതോന്നിയിരുന്ന അവിശ്വാസത്തെപ്പററി ഹൃദയപൂർവ്വം വ്യസനിച്ചു. ഞാൻ റോമിലുള്ള ഒരു കന്യാസ്ത്രീമഠത്തിൽ പ്രാതൽ കഴിച്ചുകൊണ്ടിരിക്കുമ്പോൾ, പ്രസ്തുത മുറിയിലേക്കു, തൻെറ അമ്മയോടുകൂടി യോഗ്യനായ ഒരു യുവാവു് കടന്നുവന്നു. അയാൾ പതിനഞ്ചാം ബനഡിക്ടോസ് പാപ്പാ തിരുമനസ്സിലെ മണിയറ വിചാരിപ്പുകാരിൽ ഒരുവനായിരുന്നു. അയാൾ അസനസ്ഥനായഉടനെ അവിടെയുണ്ടായിരുന്നവർ എല്ലാവരും അയാളെ ശ്രദ്ധാപൂർവ്വം വീക്ഷണം ചെയ്തു. അനന്തരം അയാൾ ഇപ്രകാരം പറഞ്ഞു; "ഫാദർ പയസ് അവർകളെപ്പററി ഞാൻകേട്ടിരുന്നതും, വായിച്ചിരുന്നതുമായ സംഗതികളെല്ലാം പരമാർത്ഥം തന്നെയാണ്. അദ്ദേഹം സാക്ഷാൽ അഞ്ചുമുറിവുകളോടു കൂടിയവൻ തന്നെ. ഞാനും എൻെറ അമ്മയും അവയ്ക്കു ദൃക്സാക്ഷികളാണ്. ഫാദർ പയസ് തൻെറ മുറിവുകൾ അന്യരിൽനിന്നു് മറയ്ക്കുന്നതിനായി കൈലേസു് മുതലായവ സദാ ധരിക്കുന്നുണ്ടെങ്കിലും, വി. ബലിയുടെ സമയത്തു പ്രസ്തുത മുറിവുകൾ മറയ്ക്കാൻ കഴിയാത്തതുകൊണ്ടു് അപ്പോൾ സൌകര്യമായി കാണാൻ സാധിക്കുന്നതാണ്"

ഉദ്ദേശം അൻപതിനായിരം ജനങ്ങളാൽ നിബിഡീകൃതവും, ഇററലിയുടെ ദക്ഷിണഭാഗത്ത് സ്ഥാപിതവുമായ ഫോജിയാ പട്ടണത്തിലേക്ക്, റോമിൽ നിന്ന് അപ്പോൾത്തന്നെ പുറപ്പെടുന്നതിന് ആസന്നമായിരുന്ന ഒരു തീവണ്ടിയിൽ ഞാൻ യാത്രതിരിച്ചു. ഫാദർ പയസ്സ് താമസിച്ചിരുന്ന സന്യാസാശ്രമത്തിൽ നിന്ന് ഏകദേശം മുപ്പതു മൈൽസ് ദൂരമുണ്ടായിരുന്ന ഫോജിയാ സ്റ്റേഷനിൽ ഞാൻ ഇറങ്ങി. ഫാദർ പയസ്സ് സാധാരണ ദിവസങ്ങളിൽപോലും, ദിവ്യ പൂജ അർപ്പിക്കുന്നത് പത്തു മണിക്കായിരുന്നു. അദ്ദേഹം കാലത്ത് ൮ മണിമുതൽ ൯ മണിവരെ പുരുഷന്മാരെയും, ൯ മണി മുതൽ ൧൦ മണിവരെസ്ത്രീകളേയും കുമ്പസാരം കഴിപ്പിച്ചിരുന്നു. അധോവാക്കാരനായ ഫാദർ എച്ച്. സെൻറ് ബ്യൂഹലർ എന്ന ദേഹവും എന്നോടൊന്നിച്ചുണ്ടായിരുന്നു. ഇററലിയിൽ എൻജിൻ വാഹനങ്ങൾ വളരെ ദുർല്ലഭമായിട്ടെ ഉണ്ടായിരുന്നുള്ളു. അഥവാ ഉണ്ടായിരുന്നാൽ തന്നെയും, അവയിൽ യാത്ര ചെയ്യുന്നവർ ഒട്ടുവളരെ ചിലവും സഹിക്കേണ്ടിയിരുന്നു. ഫോജിയായിൽ ആകപ്പാടെ നാലൊ അഞ്ചൊ എൻജിൻ വാഹനങ്ങളെ ഉണ്ടായിരുന്നുള്ളു. ഉണ്ടായിരുന്നവയിലേക്കും വിശേഷമായ ഒരു വണ്ടിയിൽ ഫോർഡ്സ്റ്റൈൻ എന്ന സ്ഥലത്തു നിന്നു പുറപ്പെട്ടു, ഫാദർ പയസ്സ് താമസിച്ചിരുന്ന റൊട്ടോൺഡോയിലെ സാൻജിയോവാനിൽ, വെളുപ്പിനു എട്ടരമണിയോടുകൂടി സർവ്വാംഗവും പൊടിയണിഞ്ഞവരായി ഞങ്ങൾ ചെന്നുചേർന്നു. ഉടനെ തന്നെ, ഞാൻ ഇററാലിയൻ ഭാഷയിലും, ഫാദർ സെൻറുബ്യൂഹലർ ലാററിൻ ഭാഷയിലും അദ്ദേഹത്തോട് പാപസങ്കീർത്തനം കഴിച്ചു. ഞങ്ങളുടെ വണ്ടിക്കാരനും അദ്ദേഹത്തോട് കുമ്പസാരിച്ചു.

ഫാദർ പയസ്സ് അവർകൾക്കു അന്യരുടെ അന്തർഗ്ഗതങ്ങൾ അറിയാൻ കഴിയുമെന്നു പല യോഗ്യന്മാരിൽ നിന്ന് ഞാൻ കേട്ടിട്ടുണ്ടായിരുന്നു. ഒരവസരത്തിൽ വിദേശിയനായ ഒരാൾ ഇദ്ദേഹത്തോടു പാപസങ്കീർത്തനം കഴിക്കുന്നതിനായി വരികയും, അയാൾ കുമ്പസാരം കഴിച്ചിട്ട് പത്തുകൊല്ലത്തോളമായിയെന്ന് പറകയും ചെയ്യുമ്പോൾ ഫാദർ പയസ്സ് അയാളോട് നിങ്ങൾ നിങ്ങളുടെ ഒടുവിലത്തെ കുമ്പസാരം പന്ത്രണ്ടുകൊല്ലങ്ങൾക്കു മുൻപ് ........സ്ഥലത്തു വച്ചല്ലയൊ കഴിച്ചത്? എന്നു ചോദിച്ചു. അയാൾ പാപസങ്കീർത്തനം കഴിച്ച സ്ഥലം ഫാദർ പയസ്സ് പറഞ്ഞിരുന്നെങ്കിലും ഞാൻ ആയതു ശരിയായിഓർമ്മിക്കുന്നില്ല. "മൊൻറക്കസീനൊ" എന്നാണ് അദ്ദേഹം പറഞ്ഞതെന്നു തോന്നുന്നു. മറന്നുപോയിട്ടുള്ള അനേകം പാപദോഷങ്ങളെ കുമ്പസാര സമയത്തിൽ അദ്ദേഹം ഓർമ്മപ്പെടുത്തുന്നുണ്ടെന്നു മററു പലരും പറയുന്നു.

ഞാനും, ഫാദർ സെൻറുബ്യൂഹലറും ഒൻപതു മണിക്കുതന്നെ ഞങ്ങളുടെ ദിവ്യപൂജ നടത്തി. അനന്തരം, ഫാദർ പയസ്സ് അവർകളുടെ ദിവ്യപൂജക്ക് ശുശ്രൂഷിക്കുന്നതിന് എന്നെ അനുവദിക്കണമെന്ന് ആശ്രമത്തിലെ ശ്രേഷ്ഠൻ വഴിയായി അദ്ദേഹത്തോട് ഞാൻ അപേക്ഷിച്ചു. അനുവാദം ഉടനെതന്നെ ലഭ്യമായി.

'Dominus Vobiscum' എന്ന വാക്കുകൾ ഉച്ചരിച്ച് ആശീർവ്വാദം നൽകുന്ന അവസരത്തിൽ, ഉണങ്ങിയ രക്തത്താൽ മൂടിയും, അരിവുകളിൽകൂടി പുതിയ രക്തം ഒലിച്ചുകൊണ്ടും ഉള്ള മുറിവുകളോടുകൂടിയ അദ്ദേഹത്തിൻെറ ഉള്ളംകൈകൾ കണ്ടപ്പോൾ, അതിശയംകൊണ്ടും, ഭക്തികൊണ്ടും ആ സമയം എന്നിലുണ്ടായ വികാരങ്ങളെ വർണ്ണിക്കുന്നതിന് എനിക്കു വാക്കുകൾ കിട്ടുന്നില്ല. പിന്നീട് 'Lavabo'യുടെ (കൈകഴുകൽ) സമയത്ത്, അദ്ദേഹത്തിൻെറ കൈകളുടെ പുറവശത്തും ഓരൊ വലിയ മുറിവുകൾ കണ്ടതിനാൽ മറുവശത്തു മുറിവുകൾ കിഴിഞ്ഞിറങ്ങിയിട്ടുണ്ടെന്ന് എനിക്കു മനസ്സിലായി. തിരുശ്ശരീരവും, ചോരയും ഉയർത്തുന്നസമയം, ഫാദർ പയസ്സ് ദൈവദർശനത്താലെന്നപോലെ അത്യന്തം പരവശനായികാണപ്പെട്ടതൊഴികെ അദ്ദേഹത്തിൻെറ ദിവ്യപൂജ, സാധാരണ പൂജകളെയപേക്ഷിച്ച് ഒട്ടും താമസമുള്ളതായിരുന്നില്ല. വി. കുർബ്ബാ

ന കഴിഞ്ഞയുടനെ തന്റെ മുറിവുകളെ മേസുകളാൽ മൂടുകയും, കുർബാനക്ക് ശുശ്രൂഷിച്ചതിന് എന്നോട് നന്ദി പറയുകയും ചെയ്തു. അല്പംകഴിഞ്ഞതിന്റെശേഷം ഞാൻ അദ്ദേഹവുമായി അഭിമുഖസംഭാഷണം നടത്തുകയും, എന്റെ പല കാൎയ്യസാദ്ധ്യങ്ങൾക്കായി പ്രത്യേകം പ്രാൎത്ഥിക്കണമെന്ന് അപേക്ഷിക്കയും ചെയ്തു.

ഫാദർ പയസിന് അദ്ദേഹത്തിന്റെ കൈകളിലേതുപോലെ തന്നെ പാദങ്ങളിലും വിലാവിലും മുറിവുകൾ ഉണ്ടായെന്നും, അതുകളിൽ നിന്ന് വെള്ളിയാഴ്ചതോറുമെ രക്തം ചിന്തുകയുള്ളോയെന്നും ആശ്രമാധിപനോട് ഞാൻ ചോദിച്ചു. (വെള്ളിയാഴ്ചതോറുമെ രക്തം ചിന്തുകയുള്ളുയെന്നാണ് ഞാൻ അറിഞ്ഞിരുന്നത്.) 1918 സെപ്റ്റംബർ 10-ാംനു-യാണ് അദ്ദേഹത്തിന് ഈ മുറിവുകൾ ഉണ്ടായതെന്നും, മുറിവുകളിൽനിന്നു വെള്ളിയാഴ്ച മാത്രമല്ല, സാധാരണ എപ്പോഴുംതന്നെ രക്തചലനം ഉണ്ടാകുന്നുണ്ടെന്നും ശ്രേഷ്ഠൻ പറഞ്ഞു. അദ്ദേഹത്തിന്റെ വിലാവിലുള്ള മുറിവിന് ഏകദേശം നാലിഞ്ചു നീളം വരുമെന്നാണറിയുന്നത്. സാധാരണ സമയങ്ങളിൽ പട്ടക്കാരും സഹോദരന്മാരും വള്ളിച്ചെരിപ്പുകളാണുപയോഗിക്കുന്നതെങ്കിലും, ഫാദർ പയസ് തന്റെ മുറിവുകളെ മറയ്ക്കുന്നതിനുവേണ്ടി എപ്പോഴും കാൽമേസും ചെരിപ്പും ധരിക്കുകയാകുന്നു പതിവ്. അദ്ദേഹത്തിന്റെ അഞ്ചുമുറിവുകളെയും, പലേ ഡോക്ടർമാരും പരിശോധിച്ച് അവ സാക്ഷാൽ മുറിവുകൾ തന്നെയെന്നു രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും, പ്രസ്തുതമുറിവുകളുടെ ആകൃതിവൎണ്ണന ചെയ്യുന്നതിനല്ലാതെ, അത്യന്തം അത്ഭുതകരമായ, അദ്ദേഹത്തിന്റെ മുറിവുകൾ എങ്ങിനെയുണ്ടായെന്നു വെളിപ്പെടുത്തുവാൻ അവരിൽ ആൎക്കും കഴിഞ്ഞിട്ടില്ല.

കപ്പൂച്ചീൻസഭക്കാരനും ഉദ്ദേശം ൩൭ വയസ്സുപ്രായമുള്ളവനുമായ ഫാദർപയസ്, ജീവിച്ചിരിക്കുന്ന ഒരു സിദ്ധനെന്നുതന്നെ നിസ്സംശയം പറയാം. സാധാരണ ദിവസങ്ങളിൽ അദ്ദേഹം ആറും, എട്ടും മണിക്കൂറുകൾ പാപസങ്കീൎത്തനത്തിനായി വിനിയോഗിക്കുന്നുണ്ടെന്ന് പലരിൽ നിന്നു ഞാൻ അറിയുകയുണ്ടായിട്ടുണ്ട്. കാഴ്ചയിൽ തന്നെ അദ്ദേഹം വളരെ സൌമ്യനെന്നു തോന്നിക്കുന്നു. അദ്ദേഹത്തിന്റെ, ആശാപാസജന്യവും, ഉപദേശരൂപകവും, ആയ വാക്കുകൾ ഏവന്റെയും മനസ്സിനെ സ്പൎശിക്കുന്നതാണ്. പല ഡോക്ടർമാരും അസാദ്ധ്യമെന്ന് ഉപേക്ഷിച്ച അനേകം ദീനങ്ങളേയും ഫാദർ പയസ് തന്റെ പ്രാൎത്ഥനകളാൽ സുഖപ്പെടുത്തിയിട്ടുള്ളതായി പലമഹാന്മാരിൽനിന്നും ഞാൻ അറിയുന്നു. ജീവിച്ചിരിക്കുന്ന ഈ സിദ്ധന്റെ ഓൎമ്മയെ നിലനിൎത്തുന്നതിനുള്ള ആശയോടുകൂടി, കാഴ്ചക്കാരായി വരുന്നവർ അദ്ദേഹത്തിന്റെ എടക്കെട്ടിനേയും, വസ്ത്രത്തേയും, മുറിച്ചിട്ടുള്ള ദ്വാരങ്ങൾ, അതുകളിൽ (വസ്ത്രങ്ങളിൽ) ധാരാളം കാണ്മാനുണ്ട്. ഫാദർപയസ് അദ്ദേഹത്തെക്കുറിച്ചുള്ള കാൎയ്യങ്ങളിൽ എപ്പോഴും മൌനിതന്നെ. അദ്ദേഹവുമായി ഒരുമിച്ചു വളൎന്നിരുന്നവനും, എന്നാൽ മുറിവുകൾലഭിച്ചതിൽപിന്നെ അദ്ദേഹത്തെകണ്ടിട്ടില്ലാത്തവനും, പെശോവെയാനോയിലെ ഒരിടവകപ്പട്ടക്കാരനുമായ ഫാദർമാൎക്കീസുദെലാൻദോ ജിയൊസപ്പി (MarcheseDelando Giiuseppe) എന്ന ദേഹത്തെഭാഗ്യവശാലെനിക്കുകാണുന്നതിനിടയായി. ഇദ്ദേഹവും, തന്റെ ദീൎഘകാലസ്നേഹിതനും, കളിച്ചെങ്ങാതിയുമായ ഫാദർപയസിനെ സന്ദൎശിച്ചുംവെച്ചു വരികയായിരുന്നു. ഇദ്ദേഹത്തിനു തന്റെ സ്നേഹിതന്റെ അത്ഭുതകരമായ മുറിവുകൾ കണ്ടിട്ട് കരയുന്നതിനല്ലാതെ മറ്റൊന്നും ചെയ്യുന്നതിന് സാധിച്ചില്ല. ഇദ്ദേഹവും ഫാദർ പയസും അത്മമിത്രങ്ങളായിരുന്നതുകൊണ്ട് സ്നേഹിതന്റെ മുറിവുകൾ എങ്ങിനെയുത്ഭവിച്ചുയെന്ന് ഒരിക്കൽ ചോദിച്ചപ്പോൾ ഫാദർ പയസ് പറഞ്ഞമറുപടി ഇപ്രകാരമായിരുന്നു. "1918-സെപ്റ്റംബർ ൧൦-ാംനു-ഞാൻ ദിവ്യപൂജഅണച്ചു കഴിഞ്ഞപ്പോൾ എന്നെ ഏതോ ഒരു മനഃശക്തിഎങ്ങോട്ടോ വലിക്കുന്നതായി തോന്നുകയും ഉടനെ എവിടെയെങ്കിലുംതനിയെ ഇരിക്കണമെന്നുള്ള വിചാരമുണ്ടാകയും ചെയ്തു. അങ്ങിനെ ഞാൻ തനിച്ചിരിക്കുമ്പോൾ നമ്മുടെ കൎത്താവ് തന്റെ അഞ്ചുതിരുമുറിവുകളോടുകൂടി എനിക്കു പ്രത്യക്ഷനാകയും, ആ കാഴ്ചയാൽ എ

ന്റെ അസ്ഥികൾ എല്ലാം തകരുന്നതുപോലെ എനിക്കു തോന്നുകയും ചെയ്തു. കാഴ്ച മറഞ്ഞപ്പോൾ ഇപ്രകാരമുള്ള അഞ്ചുമുറിവുകൾ എന്നിൽ കാണുകയാണുണ്ടായത്." ഇദ്ദേഹം വീണ്ടും, ഈ മുറിവുകൾക്ക് ഏതെങ്കിലുംതരത്തിൽ വേദനയുണ്ടോയെന്ന് ചോദിച്ചതിന് "അവ എപ്പോഴും എരിയുന്നതുപോലെ തോന്നുന്നു" എന്ന് ഫാദർ പയസ്സ് ഉത്തരം പറഞ്ഞു.

വിശുദ്ധ ഫ്രാൻസിസ് അസീസിയുടെ കാലശേഷം, പ്രസ്തുത സഭയിൽ ഇപ്രകാരമുള്ള മുറിവുകൾ ഫാദർ പയസിനാണ് ആദ്യമായിക്കിട്ടിയത്. ഫാദർ പയസിനെപ്പോലെയുള്ള സാക്ഷാൽ ഭക്തന്മാർ വഴിയായി, അവിശ്വാസികളായിരിക്കുന്ന ജനത്തെ വിശ്വാസത്തിൽ സ്ഥിരപ്പെടുത്തുന്നതിന്, സംശയമെന്യെ നമ്മുടെ കർത്താവ് ഇദ്ദേഹത്തെ തെരഞ്ഞെടുത്തിരിക്കയായിരിക്കണം!

വി. എക്സ്. ചെറിയാൻ കടപ്ലാമററം.

## കേരളീയരും വേദപ്രചാരവും.

ലോകപരിത്രാതാവായ മ്ശിഹാ മനുഷ്യാവതാരം ചെയ്തു കുരിശിന്മേൽ മരിച്ചതു മനുഷ്യവൎഗ്ഗത്തെ മുഴുവനും രക്ഷിക്കുന്നതിലേക്കാണ്. ഏതൽകാൎയ്യസാദ്ധ്യത്തിനായി അവിടുന്നു ഒരു സത്യ മതത്തെ സ്ഥാപിക്കുകയും എല്ലാ ജാതികളോടും ഈ മതത്തെ പ്രസംഗിക്കുന്നതിനു അപ്പസ്തോലന്മാരോട് ആജ്ഞാപിക്കുകയും ചെയ്തു. "നിങ്ങൾ പോയി സകലജാതികളോടും പ്രസംഗിച്ചു പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാരൂപിയുടേയും നാമത്തിൽ അവരെ ജ്ഞാനസ്നാനപ്പെടുത്തുവിൻ." എന്നുള്ള പ്രമാണം അപ്പസ്തോലന്മാരുടെ നിൎയ്യാണത്തോടുകൂടെ അവസാനിച്ചെന്നു പറഞ്ഞുകൂടാ. "ഈ തൊഴുത്തിൽപെടാത്തതായ ആടുകൾ എനിക്കുണ്ട്. അവർ എന്റെ സ്വരത്തെ കേൾക്കും. കടശി ഏക ഇടയനും ഏക തൊഴുത്തും ആയിത്തീരുകയും ചെയ്യും. (യോഹ. ൧൦-൧൬) അതുകൊണ്ടു ഏകഇടയനും ഏകതൊഴുത്തുമായി തീരുന്നതുവരെ, അതായതു ലോകം മുഴുവനും അവിടുന്നു സ്ഥാപിച്ച സത്യ മതം സ്വീകരിക്കുന്നതുവരെ യഥാശക്തി പ്രേഷകവേല ചെയ്യുന്നതിനു സകല സത്യ ക്രിസ്ത്യാനികൾക്കും ചുമതലയുണ്ടെന്നു സിദ്ധിക്കുന്നു.

ലോകം മുഴുവനും കീഴ്മേൽമറിച്ച കഴിഞ്ഞ മഹായുദ്ധത്തിൽനാല്പത്തിമൂന്നു ലക്ഷത്തിൽ പരം ജനങ്ങൾ തങ്ങളുടെ രാജ്യത്തിനും രാജാവിനും വേണ്ടി പോരാടുന്നതിലേക്കു യുദ്ധരംഗത്തിൽ പ്രവേശിച്ചതായി കണക്കാക്കപ്പെട്ടിരിക്കുന്നു. ഇവർ നാട്ടുകാരേയും ബന്ധുമിത്രാദികളേയും ഉപേക്ഷിച്ചു മരണത്തിനു തയ്യാറായി ചങ്കും തുറന്നു മുന്നണിയിലേക്കു കടക്കയാണുണ്ടായത്. രാത്രി മുഴുവൻ അസഹ്യമായ ശൈത്യം അനുഭവിക്കുന്നതിനൊ, പകൽ മുഴുവൻ അതികഠോരമായ ഉഷ്ണം സഹിക്കുന്നതിനൊ ഇവർ മടിച്ചില്ല. ഭക്ഷിക്കുന്നതിനുപോലും ഇവൎക്കു സമയമില്ലായിരുന്നു; ആഗ്രഹവുമില്ലായിരുന്നു. ഒട്ടുക്കം ആയിരവും പതിനായിരവുമായി യുദ്ധമദ്ധ്യേ അവർ നിലംപതിച്ചു. നമ്മുടെ കേരളത്തിൽ നിന്നു തന്നെ എത്ര പേർ മെസൊപ്പൊട്ടേമിയ മുതലായ രാജ്യങ്ങളിലേക്കു ഇപ്രകാരം യുദ്ധത്തിനായി പോകയുണ്ടായി. ഇവരിൽ തിരിച്ചു വന്നവരുടെ സംഖ്യ എത്രയൊ ചുരുക്കം!

ഒരു ലൗകിക രാജാവിന്റെ നേൎക്കുള്ള ഭക്തി മുഖാന്തിരവും അദ്ദേഹത്തിൽനിന്നു ലഭിക്കാമെന്നാഗ്രഹിച്ചിരുന്ന സ്വല്പ ലാഭത്തെ ഇച്ഛിച്ചും ഇവർ ഇത്ര ധൈൎയ്യത്തോടെ പോരാടിയെങ്കിൽ ക്രിസ്തുവിന്റെ സൈന്യവകുപ്പിൽപെട്ടവരായ നാം തന്റെ സത്യ മതത്തിന്റെ നില

നിൽപിനും അഭിവൃദ്ധിക്കും വേണ്ടി എത്രയൊ അധികം ധീരതയോടെ യുദ്ധം ചെയ്യേണ്ടതാകുന്നു. പാപത്തിലും അന്ധതയിലും നിവസിക്കുന്നവരായ നമ്മുടെ നിർഭാഗ്യസഹോദരന്മാരെ സത്യത്തിന്റെയും സൗഭാഗ്യത്തിന്റെയും പന്ഥാവിലേക്കു തിരിച്ചുകൊണ്ടു വരുന്നതിനുള്ള ഉദ്യമത്തിൽ നമുക്കു് നേരിടുക്കാൻ പാടുള്ള അസൌകര്യമൊ ബുദ്ധിമുട്ടൊ അത്രകാര്യമായി പരിഗണിക്കുന്നതെങ്ങനെ? സ്വർഗ്ഗരാജ്യത്തിന്നായി നാം ഇങ്ങിനെ യുദ്ധം ചെയ്യുമ്പോൾ രാജാക്കളുടെ രാജാവായ ദൈവപുത്രന്റെ ആജ്ഞയെയാണു നാം നിർവ്വഹിക്കുന്നതു്. നമ്മുടെ പ്രതിഫലം നിത്യവും അനന്തവുമായിരിക്കും. ഒരു ആത്മത്തെ രക്ഷയുടെ വഴിയിലേക്കു തിരിക്കുന്നവൻ അവന്റെ ആത്മാവിനെ നിത്യനാശത്തിൽ നിന്നു് രക്ഷിക്കുന്നു എന്നു് വേദപുസ്തകം നമ്മെ പഠിപ്പിക്കുന്നു.

പറയൻ മുതൽ ബ്രാഹ്മണൻവരെ ഈദൃശമായ അന്ധതയിൽ നിവസിക്കുന്ന അനേകലക്ഷം ജനങ്ങൾ ഇനിയും നമ്മുടെ കേരളത്തിലുണ്ടു്. ഇവരെ സത്യമതത്തിലേക്കു ആനയിക്കേണ്ട ചുമതല നമുക്കാകുന്നു. ഇവരിൽ താണജാതിക്കാരും സാധുക്കളുമായുള്ളവരെ നമ്മുടെ മതം സ്വീകരിപ്പിക്കുന്നതിനു് വലിയ പ്രയാസമില്ലാ. എന്നാൽ ഇവർ നിർദ്ധനന്മാരാകയാൽ ഇവരുടെ മാനസാന്തരജോലി നിർവ്വഹിക്കുന്നതിലേക്കു പല ചില്ലറ ധനസഹായമവർക്കു ചെയ്യേണ്ടതായിട്ടുണ്ടു്. ഇതു് ഒന്നോ രണ്ടോ ദിവസത്തേക്കുമാത്രം പോരാ. അവർ ഒരു നല്ല സ്ഥിതിയെ പ്രാപിക്കുന്നതുവരെയും വേണ്ടിയിരിക്കുന്നു. അല്ലെങ്കിൽ നമ്മുടെ സഹായമുള്ളകാലംവരെ സത്യസഭയിൽ നിൽക്കയും അതിന്റെ ശേഷം അതിനെ ഉപേക്ഷിക്കയും ചെയ്യുന്നതിനിടവരുന്നതാകുന്നു. പ്രായേണ ധനവാന്മാരായ ഹിന്ദുവർഗ്ഗക്കാരെപ്പററിച്ചിന്തിക്കുന്നതായാലും അവരുടെ വിഷയത്തിലും ഗണനീയമായ ഒരു ധനസഹായം അവരുടെ മതസ്വീകരണത്തിൽ ആവശ്യമായിട്ടാണു് ഇപ്പോൾ ഇരിക്കുന്നതു്. ഗവർമ്മേന്റു നിയമപ്രകാരം സ്വമതത്യാഗികളായ ഹിന്ദുസഹോദരന്മാർക്കു് അവരുടെ കുടുംബസ്വത്തിനു യാതൊരവകാശവുമില്ലതന്നെ.

ഈ സ്ഥിതിക്കു് നമ്മുടെ കേരളത്തിൽ പ്രേഷകവേല ഫലപ്രദമായിത്തീരണമെങ്കിൽ ദ്രവ്യസഹായം ധാരാളമായാവശ്യപ്പെടുമെന്നുള്ളതു പ്രത്യക്ഷമാണു്. എന്നാൽ വേദപ്രചാരത്തിന്നായി ധനസഹായം ചെയ്കയെന്നുള്ളതു് ഇന്നുവരെ കേരളത്തിൽ പൊതുവെ പറഞ്ഞാൽ നടപ്പിൽ വന്നിട്ടില്ലാത്ത ഒരു കാര്യമായിട്ടാണിരിക്കുന്നതു്. ഈ വിഷയത്തിൽ യൂറോപ്പു് അമേരിക്കാ മുതലായ രാജ്യങ്ങളിലെ കത്തോലിക്കരെ നാം കുറെയെങ്കിലും കണ്ടുപഠിക്കേണ്ടതായിട്ടുണ്ടു്. മേല്പറയപ്പെട്ട രാജ്യങ്ങളിൽ വേദപ്രചാരത്തിനായി, ഓരോരുത്തൻ തങ്ങളുടെ സ്ഥിതിയനുസരിച്ചു്, ധനസഹായം ചെയ്യാത്ത ഒരു കത്തോലിക്കാ കുടുംബംപോലും കാണുകയില്ലാ. ഈവിധം ശേഖരിക്കപ്പെടുന്ന പണത്തിൽ അധികഭാഗവും ജപ്പാൻ, ചൈനാ, ആഫ്രിക്കാ, ഇൻഡ്യാ മുതലായ രാജ്യങ്ങളിൽ സത്യവേദപ്രചാരത്തിന്നായി ചെലവുചെയ്തുവരുന്നു.

പാശ്ചാത്യരുടെ ദാനശീലം കുറെക്കൂടി വിശദമാകുന്നതിനു ഈ അടുത്തകാലത്തു നടന്ന ചില സംഭവങ്ങളെ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ബെൽജിയത്തിലെ ലുവെയിൻ സർവ്വകലാശാലയും അതോടു ചേർന്നുണ്ടായിരുന്ന ലോകപ്രസിദ്ധമായ ഗ്രന്ഥശാലയും ഇക്കഴിഞ്ഞ യുദ്ധകാലത്തു ജർമ്മൻകാരുടെ വലിയ തോക്കിനാഹാരമായിത്തീരുകയുണ്ടായല്ലൊ. ഇതുകളെ പുനഃസ്ഥാപിക്കുന്നതിലേക്കു അമേരിക്കൻ ഐക്യനാടുകളിലെ ഏതാനും ആളുകൾ കൂടി അഞ്ചുലക്ഷം രൂപായോളം സംഭാവന ചെയ്കയുണ്ടായി. ഇതിനു പുറമെ, ഇരുപതിനായിരത്തിൽപരം ഒന്നാംതരം പുസ്തകങ്ങളും അവർതന്നെ ദാനമായി അയച്ചുകൊടുത്തു. ഇററലിയിലെ ജനോവാ സർവ്വകലാശാലാ വിദ്യാർത്ഥികളുടെ വക കുറെ അധികം പുസ്തകങ്ങൾ അവർതന്നെ ബെൽജിയത്തിൽ കൊണ്ടുചെന്നു കൊടുത്തതായിക്കാണുന്നു. അമേരിക്കയിലെ ഡെട്രോയിററ് എന്ന രൂപതയുടെ മെത്രാൻ ഒരു സെമിനാരി സ്ഥാപിക്കുന്നതിനുള്ള ആവശ്യത്തിലേക്കായി നാലുലക്ഷം ഡോ

ളർ (പന്ത്രണ്ടു ലക്ഷത്തിൽപരം രൂപാ) തൻെറ ജനങ്ങളിൽ നിന്നാവശ്യപ്പെട്ടാറെ അവരിൽനിന്നു് പിരിഞ്ഞുകിട്ടിയ തുക പത്തുലക്ഷം ഡോളറിൽ കൂടുതലായിരുന്നുവത്രെ! ഇതുപോലെയുള്ള കാൎയ്യങ്ങളെല്ലാം നാമും കേട്ടഗ്രഹിച്ചു പ്രവൃത്തിയിൽ വരുത്തിയാൽ വേദപ്രചാരത്തിനായി ധാരാളംപണം ഇവിടെത്തന്നെ നമുക്കു ഉണ്ടാകാൻ കഴിയും. വൈദികരും അൽമേനികളും ഒന്നുപോലെ ശ്രമിക്കുന്നുവെങ്കിൽ ഇതു് അത്രവലിയകാൎയ്യമല്ലാ. വേദപ്രചാരത്തിനു ധനസഹായം ചെയ്യുന്നതിനു സമ്പന്നന്മാൎക്കുമാത്രമേ സാധിക്കയുള്ളു; അവർമാത്രമേ ചെയ്യേണ്ടതുള്ളു; എന്നു വിചാരിക്കുന്നവരും ഇല്ലാതില്ല. ഇതു വെറും തെററിദ്ധാരണയല്ലാതെ മറെറാന്നുമല്ലാ. മാസത്തിൽ ഒരു ചക്രമെങ്കിലും വേദപ്രചാരാൎത്ഥം കൊടുക്കാൻ സാധിക്കാത്തവർ കേരളത്തിലുണ്ടെന്നു തോന്നുന്നില്ല.

'മനസ്സുണ്ടെങ്കിൽ മാൎഗ്ഗവുമുണ്ടു്.' നമ്മുടെ സാധാരണ ജീവിതത്തിൽ, അത്ര അത്യാവശ്യമില്ലാത്തവയും, എന്നാൽ നടപ്പിലിരിക്കുന്നവയുമായ ചില അധികച്ചെലവുകളെ സ്വല്പം ഒന്നു ചുരുക്കിയാൽ വേദപ്രചാരത്തിനായി ഒരു ചില്ലറ തുക മിക്കവൎക്കും നിഷ്പ്രയാസം നീക്കി വെക്കാൻ കഴിയുമെന്നുള്ളതു് അവിതൎക്കിതമാണ്. ഈ വിധത്തിലുള്ള സഹായങ്ങൾ ഓരോരുത്തൻചെയ്യുകയും, യഥാശക്തി ഈ വിഷയത്തിൽ പരിശ്രമിക്കയും ചെയ്യുന്ന പക്ഷം, കേരളത്തിൽ വേദപ്രചാരവേല അചിരേണ ഒരു നല്ല നിലയേ പ്രാപിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

രാമച്ചനാട്ടു് അബ്രാഹം ശെമ്മാശ്ശൻ

## അദ്ദേഹം എങ്ങിനെ ക്രിസ്ത്യാനിയായി.

ജപ്പാനിലുള്ള ഫ്രൻസിസ്ക്കാസ് സഭക്കാരനായ ഒരു മിഷ്യനറി എഴുതിയിരിക്കുന്ന ഒരു സംഭവം ഏറ്റവും ശ്രദ്ധേയമായിരിക്കുന്നു. ഇതാ അദ്ദേഹത്തിൻെറ വചനങ്ങൾ: ഞങ്ങളുടെ ഇടവകയിൽ വയോവൃദ്ധനും ഭക്തനുമായ ഒരു ക്രിസ്ത്യാനിയുണ്ടു്. അയാൾ എല്ലാദിവസവും ദിവ്യപൂജ കാണുകയും വി. കുർബാന കൈക്കൊള്ളുകയും ചെയ്തുവരുന്നു. ഒരു ദിവസം സംഭാഷണമദ്ധ്യേ അയാൾ എങ്ങിനെയാണ് ക്രിസ്തീയമതത്തിൽ ചേരാനിടയായതെന്ന് സ്ഥലത്തെവികാരിയച്ചൻ ചോദിച്ചു. അപ്പോൾ തൻെറ മാനസാന്തരം ഈ വിധമാണെന്നു് അയാൾ പ്രസ്താവിച്ചു:— "ഞാൻ ഒരു ദിവസം പട്ടണത്തിൽ കൂടെ കടന്നുപോകുമ്പോൾ ഒരു കൂട്ടം ഭടന്മാർ ചില ആളുകളെ ചങ്ങലയാൽ ബന്ധിച്ചു് കൊലക്കളത്തിലേയ്ക്കു നടത്തിക്കൊണ്ടു പോകുന്നതായി കണ്ടു. ഇവർ എങ്ങിനെയുള്ളവരായിരിക്കും എന്നു പടയാളികളോടു് ഞാൻ ചോദിച്ചതിൽ അവർ "ക്രിസ്ത്യാനികളാണ്" എന്നു പുഛരസത്തിൽ മറുപടിപറഞ്ഞു. ഇക്കാലത്താണ് ജപ്പാനിലേയ്ക്കു് മിഷ്നറിമാർ രണ്ടാമതായി വന്നതും തങ്ങളുടെ പിതാക്കന്മാരിൽ നിന്ന് വിശ്വാസം അനന്തരാവകാശമായി ലഭിച്ചിരുന്ന ക്രിസ്ത്യാനികളെ അജ്ഞാനികൾ പീഡിപ്പിക്കുകയും ചിലരെ രാജ്യഭ്രഷ്ടരാക്കുകയും മറ്റു ചിലരെ ഭവനങ്ങളിൽനിന്നു ബഹിഷ്ക്കരിക്കുകയും അവരുടെ വസ്തുക്കളെ എല്ലാം അപഹരിച്ചെടുക്കുകയും ചിലരെ വധിക്കുകയുംകൂടെചെയ്തിരുന്നതു. എങ്കിലും അവരുടെ സ്ഥിരതയെപ്പററി എനിക്കു് ആശ്ചൎയ്യം തോന്നാതിരുന്നില്ല. ഇതേവരെ യാതൊരുത്തനും ബുദ്ധമതത്തിനുവേണ്ടിയോ മറെറതെങ്കിലും മതത്തെപ്രതിയോ സ്വന്തജീവനെ വെടിഞ്ഞിട്ടുള്ളതായി ഇവിടെ ഒരിക്കലും കേട്ടിട്ടില്ല. അതുകൊണ്ടു് ഇവരനുസരിക്കുന്ന മതത്തെപ്പററി കൂടുതൽ വിവരം സമ്പാദിക്കണമെന്നു് ഞാൻ തീർച്ചയാക്കി. തൽക്ഷണം എനിക്കു് ഈ വേദത്തിന്മേൽ ഒരു വല്യതായ പ്രതിപത്തിയാണുണ്ടായതു്. തൻനിമി

ത്താം മിഷ്യനറിയുടെ അടുക്കൽ വേദപാഠം പഠിക്കുന്നതിന് ധൃതിയിൽ തന്നെ ഞാൻ പോയി ആ വൈദികൻ എന്നെ സദയം സ്വീകരിച്ചു. എനിക്കു ക്രിസ്ത്യാനിയാകണമെന്നുള്ള അത്യാശയെ അറിയിച്ചപ്പോൾ അദ്ദേഹം "അത് ഏററം മാഹാത്മ്യവും ഉത്തമവുമായിട്ടുള്ള ഒരു കാര്യമാണ്; പക്ഷെ അതുനിന്റെ ജീവഹാനിക്കു ഹേതുവായിത്തീർന്നേക്കാമെന്നും നീ സ്മരിച്ചുകൊള്ളണം" എന്നു പറഞ്ഞു. അതിന് "എന്തുതന്നെയായിരുന്നാലും സാരമില്ല. എന്റെ ജീവനെപ്പോലും ത്യജിക്കേണ്ടി വന്നാൽ അതിനും ഞാൻ സർവ്വദാസന്നദ്ധൻതന്നെ" എന്നാണ് ഞാൻ മറുപടിപറഞ്ഞതു ഈ വിധമാണ് അയാൾ സത്യമാർഗ്ഗത്തിൽ ചേരുന്നതിനിടയായതു്.

അയാൾ താമസമെന്യേവേദസംബന്ധമായ കാര്യങ്ങളെ ഹൃദിസ്ഥമാക്കിജ്ഞാനസ്നാനം സ്വീകരിച്ചു. ഏറെതാമസിയാതെ വേദഞെരുക്കവും അവസാനിച്ചു. ആ ഉത്തമനായ ക്രിസ്ത്യാനിക്കു് വിശ്വാസത്തെ പ്രതിവേദസാക്ഷിയായി മരിക്കുന്നതിന് ഭാഗ്യം സിദ്ധിച്ചില്ലെങ്കിലും അതേ ഭക്തതീക്ഷ്ണതയിൽ കാലം നയിച്ചുകൊണ്ടിരുന്നു. കുറേനാൾ കഴിഞ്ഞതിന്റെ ശേഷം സ്വദേശം വിട്ടു് മിക്കവാറും വിജനമായ ഒരു ദേശത്തേക്കു് അയാൾ യാത്രതിരിച്ചു. ഇവിടെ അയാളുടെ കൃഷികസംബന്ധമായ ജോലികൾക്കും പുറമെ സത്യമതപ്രചരണത്തിനുവേണ്ടി അദ്ധ്വാനിക്കുന്നതിനും നിശ്ചയിച്ചു. അയാളുടെ പരിശ്രമഫലമായി നൂറിൽ പരം ജനങ്ങൾ സത്യമാർഗ്ഗം സ്വീകരിക്കുന്നതിനും ഇടയായി. കാലക്രമേണ നാനാ ഭാഗത്തുനിന്നും അവിടെ കുടിയേറിപ്പാർത്തുകൊണ്ടിരുന്ന അജ്ഞാനികൾ സംഖ്യാതീതമായിരുന്നതുകൊണ്ടു് സ്വേച്ഛാനുസരണം ആഗ്രാമം മുഴുവനും തന്നെ മാനസാന്തരപ്പെടുത്തുന്നതിന് അയാൾക്കു സാധിച്ചില്ല. ഇപ്പോൾഅവിടെ ആറായിരത്തിൽപരം ജനങ്ങൾഅധിവസിക്കുന്നുണ്ടു്. എന്നിരുന്നാലും അയാളാൽ സത്യമാർഗ്ഗത്തിലേക്കു ആനയിക്കപ്പെട്ടസമുദായംഇതര ഇടവകകളെ അതിശയിക്കുന്ന ഒന്നുതന്നെയാണ്. ഈ മഹാത്മാവു് ഒരു വയോവൃദ്ധനാണെങ്കിലും ഇപ്പോഴും മതപ്രചരണത്തിനുവേണ്ടി അദ്ധ്വാനിച്ചുകൊണ്ടുതന്നെ കാലം കഴിക്കുന്നു. അയാളുടെ പുത്രനും പിതാവിന്റെ ജീവിതാദർശാനുസരണം ഇതരമതസ്ഥരുടെ മാനസാന്തരത്തിൽ ബദ്ധശ്രദ്ധനായി ഇരിക്കുന്ന വെന്നുള്ളതും ഇവിടെ പ്രസ്താവയോഗ്യമാണ്.

ഫാദർ മർസ്സലിൽ സി. ഡി.

## കർമ്മലനാഥയുടെ കുഞ്ഞുമക്കൾക്കു.

പ്രിയ കുഞ്ഞുങ്ങളേ!

മോൺസിഞ്ഞോർ മെർമ്മില്ലോസ് എന്ന ദേഹം ജെനീവായിലെ വികാരിയായിരിക്കയിൽ നടന്ന ഒരു സംഭവം അദ്ദേഹംതന്നെ എഴുതിയിട്ടുള്ളതാണ് ഇത്തവണ ഞാൻ നിങ്ങളോടു പറഞ്ഞു കേൾപ്പിക്കാൻ പോകുന്നതു്. അദ്ദേഹം രാത്രിയിൽ കിടക്കുന്നതിനുമുമ്പു ദിവസേന ദിവ്യകാരുണ്യ സന്നിധിയിൽപോയി ഒരു വിസിത്ത കഴിക്ക പതിവായിരുന്നു. പള്ളിയിൽച്ചെന്നാലുടനെ കുർബാനയുടെ മുമ്പാകെയുള്ള വിളക്ക ശരിയായിട്ടു തെളിച്ചു്, പള്ളിവാതിലുകളെല്ലാം ഭദ്രമായി അടക്കപ്പെട്ടിരിക്കുന്നോ എന്നു പരിശോധിച്ചശേഷം, സക്രാരിയുടെ തിരുമുമ്പാകെവന്നു കുറെനേരം സാഷ്ടാംഗംവീണു ആരാധിച്ചിട്ടു പോരികയായിരുന്നു അദ്ദേഹത്തിന്റെ മുടങ്ങാതെയുള്ള മുറ. ഒരു ദിവസം ഇപ്രകാരം കുമ്പിട്ടെഴുന്നേൽക്കയിൽ കുമ്പസാരക്കൂട്ടുങ്കൽ ഒരു സ്വരംകേട്ടു അങ്ങോട്ടുനോക്കിയപ്പോൾ അതിനകത്തുനിന്നു ഒരു സ്ത്രീ ഇതാ പുറത്തേക്കിറങ്ങിവരുന്നു. "ഈ അസമയത്തു നിങ്ങൾ ഇവിടെ വരുന്നതിന്നു കാരണമെന്താണ്" എന്നു അദ്ദേഹം ധൈര്യപൂർവ്വം ചോദിച്ചു. അപ്പോൾ അവർ ഇപ്രകാരം ഉത്തരിച്ചു. "അച്ചാ! ഞാൻ ഒരു പ്രോട്ടസ്റ്റൻറുകാരിയാണ്. അമ്പതുനോ

ബിനു അച്ചൻ പറഞ്ഞ പ്രസംഗങ്ങളെല്ലാം ഞാൻ കേട്ടു. വിശുദ്ധ കുർബാനയിൽ മ്ശിഹായുടെ സത്യസാന്നിദ്ധ്യം സംബന്ധിച്ചുള്ള ഭാഗങ്ങൾ ഞാൻ പ്രത്യേകം ശ്രദ്ധിച്ചു. കാൎയ്യങ്ങളെല്ലാം എനിക്കു ബോദ്ധ്യപ്പെട്ടെങ്കിലും, ഒരു സംശയം വീണ്ടും ശേഷിച്ചു. "കുർബാനയേപ്പററി ഈ പറയുന്നതെല്ലാം ഇദ്ദേഹം വിശ്വസിക്കുന്നുണ്ടോ?" ആകയാൽ അച്ചാ ക്ഷമിക്കണം, ഈ സംശയനിവാരണത്തിലേക്കു ഏകാകിയായി സക്രാരിയുടെ പക്കൽ വരുമ്പോൾ അച്ചൻ ഏതുവിധത്തിൽ പ്രവൃത്തിക്കുന്നു എന്നു പരീക്ഷിപ്പാൻ ഞാൻ ഇവിടെ വന്നിട്ടുള്ളതാണ്. അച്ചന്റെ പ്രവൃത്തി പ്രസംഗത്തിനനുസരണമായിരിക്കുന്നപക്ഷം ഇന്നുതന്നെ കത്തോലിക്കാസഭയിൽ പ്രവേശിച്ചുകൊള്ളാമെന്നുള്ള പ്രതിജ്ഞയോടുകൂടിയാണു ഞാനിവിടെ വന്നത്. എനിക്കിപ്പോൾ സകലതും ബോദ്ധ്യപ്പെട്ടിരിക്കുന്നു. അച്ചൻ എന്നെ സഭയിൽ സ്വീകരിക്കണം." തദനുസരണം മൊൺസിഞ്ഞോർ മെർമില്ലോസ് അവരെ സത്യസഭയിലേക്കു കൈക്കൊള്ളുകയും ചെയ്തു.

വിശുദ്ധ കുർബാനയിൽ, ദൈവപുത്രനായ മ്ശിഹാ സത്യമായിട്ടു എഴുന്നള്ളിയിരിക്കുന്നുണ്ടെന്നു കത്തോലിക്കരേവരും വിശ്വസിക്കുന്നു. എന്നാൽ ആ വിശ്വാസത്തിനു തക്കവണ്ണമുള്ള പ്രവൃത്തി അവരിൽ കാണുന്നുണ്ടോ എന്നു പരിശോധിച്ചുനോക്കുന്നതായാൽ പലപ്പോഴും മനസ്താപത്തിനാണു ഇടയുണ്ടാകുന്നത്. ഇതു വിശ്വാസത്തിന്റെ കുറവുകൊണ്ടുതന്നേയെന്നു പറവാൻ പാടില്ല; ഏറിയക്കുറും വിചാരക്കുറവുകൊണ്ടെന്നേ കരുതാനുള്ളു. ഏതായാലും ഈ ന്യൂനതയെ പരിഹരിക്കേണ്ടതു എത്രയും ആവശ്യമായിട്ടുള്ളതാണ്. അതല്ലെങ്കിൽ നമ്മുടെ വിശ്വാസം ജീവനില്ലാത്ത വിശ്വാസമാണെന്നു അന്യമതസ്ഥന്മാർ നമ്മേ പഴിക്കുന്നതിനും, സത്യവിശ്വാസം സ്വീകരിക്കുന്നതിനു ആഗ്രഹിക്കുന്നവരേ അതിൽനിന്നു തടയുന്നതിനും, സ്വീകരിച്ചിട്ടുള്ളവരുടെ സ്ഥിരതയെ ഇളക്കുന്നതിനും നാം കാരണക്കാരായി തീരുമെന്നുള്ളതിനു സംശയമില്ല. ആകയാൽ പ്രിയ കുഞ്ഞുങ്ങളേ, നിങ്ങൾ വിശുദ്ധ കുർബാനയുടെ സന്നിധിയിൽ നില്ക്കുമ്പോൾ നിങ്ങളുടെ വിശ്വാസത്തെ അന്യർ ദർശിക്കട്ടേ. മാലാഖാമാരും പുണ്യവാന്മാരും ഇടവിടാതെ ആരാധിച്ചുവണങ്ങുന്ന ഒരു പരമരാജാവിന്റെ മുമ്പാകെയാണു നിങ്ങൾ നിൽക്കുന്നതെന്നു നല്ലപോലെ ഓൎത്തുകൊണ്ടാൽ മാത്രംമതി. രാജസന്നിധിയിൽ ഭടന്മാർ നിൽക്കുന്നത് നിങ്ങൾ സൂക്ഷിച്ചിട്ടുണ്ടോ? ഗുരുവിന്റെ പക്കൽ ശിഷ്യന്മാർ നിൽക്കുന്ന വിധമെങ്കിലും നിങ്ങൾ കണ്ടിട്ടില്ലയോ? അതല്ലെങ്കിൽ നിങ്ങളുടെ മാതാപിതാക്കന്മാരുടെ കൺമുമ്പാകെ നിങ്ങൾ പെരുമാറുന്നവിധമെങ്കിലും ഓൎക്കുക. അതിലും കുറഞ്ഞ ബഹുമാനവും, ആചാരവും, വണക്കവുംമാത്രം ത്രിലോകരാജാവിന്റെ മുമ്പാകെ മതിയെന്നുവെയ്ക്കുന്നതു എത്രയോ വിചാരമില്ലായ്മയാണെന്നു ഇനിയെങ്കിലും ആലോചിച്ചുനോക്കണം. മാലാഖാമാർ ഭയത്തോടും വിറയലോടുംകൂടി നിൽക്കുന്നടത്തു നീങ്ങൾ ഏതുവിധത്തിൽ നിൽക്കുന്നു? ഈവിഷയത്തിൽ നേരിട്ടിട്ടുള്ള ന്യൂനതകളെല്ലാം ഈ മാസംകൊണ്ടു പരിഹരിക്കണം. സ്നേഹം നിറഞ്ഞ ഈശോയുടെ തിരുഹൃദയത്തോടു പൊറുതിയപേക്ഷിച്ചുകൊണ്ടു മേലാൽ സൂക്ഷിച്ചുകൊള്ളാമെന്നുള്ള നല്ല പ്രതിജ്ഞകളെ അങ്ങേക്കു കാഴ്ചകൊടുക്കുക. നിന്റെ ദുൎദൃഷ്ടാന്തത്താലെ അന്യകുട്ടികൾക്കും ഈവിധ അനാചാരങ്ങൾക്കു നീ കാരണമായിട്ടുണ്ടെങ്കിൽ ഇനിമേൽ നിന്റെ നല്ലമാതൃക വഴിയായി അവരേയും നന്നാക്കിക്കൊള്ളാമെന്നു ഈശോയോടു നീ പറഞ്ഞൊക്കുക. ലൂയീസു പുണ്യവാൻ, ദൊമ്മിനിക്കു സാവ്യോ എന്ന കുട്ടികൾ ദേവാലയത്തിൽ മുട്ടുകുത്തിനിൽക്കുന്ന കാഴ്ച കണ്ടാൽതന്നെ അന്യൎക്കു ഹൃദയത്തിൽ ദൈവസ്നേഹം ജ്വലിച്ചിരുന്നു. അങ്ങനെയുള്ള ഒരു കുട്ടിയാകുന്നതിന്നു നിനക്കും സാധിക്കയില്ലയോ? ശ്രമിച്ചാൽ നിശ്ചയമായിട്ടും സാധിക്കും. ആകയാൽ ശ്രമിച്ചുനോക്കുക. ഞാനും അപേക്ഷിക്കാം.

എന്ന് നിങ്ങളുടെ സ്വന്തം കൊച്ചച്ചൻ.

# മാതാവിൻെറ ലുത്തനിയാ. (തുടർച്ച)

സദ്വിശ്വാസനിധേ! നിതാന്തമഹിതം നീതിക്കുകണ്ണാടിയായ്
വിദ്യോതിച്ചിടുമംബികേ! വിപുലമാം വിജ്ഞാനഭണ്ഡാരമേ!
സാന്ദ്രാമോദനിദാനമാകുമമലേ! യാത്മീയമാംപാത്രമേ!
വർദ്ധിക്കുംനുതിജാലസത്തനിലമേ! ദൈവത്തെയർത്ഥിക്കണേ.

ക്രുക്കമററം സ്കറിയാ ഡീക്കൻ.

വിശ്വാസാസ്പദകന്യകേ! നെറിവതിൻ കണ്ണാടിയായ് ശ്രേഷ്ഠമാം
ബോധത്തിൽ നിധിയാണിവൾക്കുസതതം ഹൃത്തിന്നു നീ ദീപമാം.
ആത്മജ്ഞാനനിധേ! യനന്തഭവികം ചേർന്നോരു സ്വർഗ്ഗസ്ഥലം
പൂകാൻതാവകപുത്രനാമിവനു നീ സാഹായ്യമേകീടണേ!!

ശാസ്താംകോട്ട ഏ. ആൻറണി ഫ്രണാണ്ടസ്.

വിശ്വാസാലയമായ കന്നിമറിയേ! നീതിക്കു നീ ദർപ്പണം
ശശ്വജ്ഞാനനികേതനം, വിമലസമ്മോദത്തിനുള്ളാസ്പദം.
വിശ്രേയാത്മവിബോധപൂരിതപദേ! സന്മാന്യസൽപാത്രമേ!
വിശ്വേശങ്കലപേക്ഷചെയ്യരുളണം ഞങ്ങൾക്കുവേണ്ടിട്ടു നീ.

പി. മാത്യൂ കാക്കനാട്ടു.

ഏററം നീതി, സുബുദ്ധി, യീനരഗണത്തിൻ തോഷമൂലത്വവും
മുററീടും ബഹുമാനപാത്രത, യതല്ലാദ്ധ്യാത്മികജ്ഞാനവും
നന്നായ് ചേർന്നതിഭക്തയായി വിലസിടുന്നോരു കന്യാമണേ!
ധന്യേ! നീപരനോടിരന്നരുളണേ ഞങ്ങൾക്കു ഭവ്യംവരാൻ.

എടത്വാ പി. സി. പോത്തൻ.

വിശ്വാസത്തിനു മാതൃകേ! നെറിവുതൻകാമ്പേ! ബുധക്കംബികേ!
ഞങ്ങൾക്കിന്നുരുമോദമേകിയലിവായ് പാലിച്ചിടും കന്യകേ!
ആത്മജ്ഞാനദഭാജനം ബഹുമതീപാത്രം സദാസദ്വരം
പ്രാർത്ഥിച്ചീടുകിവൾക്കുവേണ്ടി വഴിപോൽ നിൻപുത്രനോടന്വഹം.

പ്ലാക്കിയിൽ ജോൺ വാദ്ധ്യാർ.

ബോധജ്ഞാനനികേതമായ് നെറിവതിൻ കണ്ണാടിയായ് ഞങ്ങളിൽ
ബ്ബോധത്തിൻതെളിവേകിടും മറിയമേ! ദേവാംബികാരത്നമേ!
ആത്മജ്ഞാനമതീവഭക്തിബഹുമാനാദ്യുക്തമാംപാത്രമാ-
മെൻമാതാ! കനിവോടിരന്നരുളണേ ഞങ്ങൾക്കുവേണ്ടിസ്സദാ.

മാപ്പിളക്കുന്നേൽ മത്തായി മാപ്പിള.

വിശ്വാസിനീ! നെറിവുതന്നുടെ ദർപ്പണംനീ
വിജ്ഞാനപീഠമണി ഞങ്ങടെ തുഷ്ടിമൂലം
അദ്ധ്യാത്മബോധബഹുമാനസുഭാജനംനീ
അർത്ഥിക്കണേ പരനൊടിങ്ങു വരങ്ങളേകാൻ.

ജോസഫ് പി. പുലിക്കോടൻ.

നീതേരലം മുകുരമേവ സദാപ്രശസ്യേ!
മാന്യേ! സുഭക്തിവിഷയാന്വിത ചിന്മഹേശി!
ജ്ഞാനാധിമേ! ഭുവനശോഭനഹേതുഭൂതേ!
ത്വം പ്രാർത്ഥയാസ്മ ദുപയുക്തമുദീക്ഷ്യദേവം.

അതിരമ്പുഴ സി. എം. സെബാസ്ത്യൻ.

വിശ്വാസകന്യേ! നെറിവിന്നുടെ ദർപ്പണംനീ
ജ്ഞാനാസ്പദേ! തെളിവിവക്കുളവാക്കമമ്മേ!
ആത്മീയമായ വെളിവാൽ പരിപൂരിതേ! വൻ-
മാനാർഹനീയിവരെയോർത്തുമിരന്നിടേണേ.

ക്രൂനംമ്മൂച്ചി വി. എ. തോമ്മസ്.

നീവിശ്വാസമെഴുന്നകന്നി, നെറിവിൻകണ്ണാടി, സൽബോധമോ-
ടാവിജ്ഞാനവുമാന്നമേരി, മനുജക്കാനന്ദസന്ദായിനി
ധീവിണ്ടും:ചിധമാത്മബോധമിയലും പാത്രംസഭക്ത്യാദരം
സേവിക്കപ്പെട്ടമംബ, പാപികളിവക്കായിട്ടപേക്ഷിക്കണേ!

മുകളയിൽ ജോസഫ് വാദ്ധ്യാർ.

വല്ലഭതപ,മഴക്കുറിട്ടും കരുണയാദിയായ വിലയേറിട്ടും
കല്ലുചേന്ന മകുടം വഹിച്ച നെറിവുററ വന്ദ്യസുരകന്യകേ!
നല്ലവണ്ണമഖിലേശനിൽ സ്ഥിരത, പൂണ്ട വന്ദ്യമരിയാംബ!യെ-
ന്നല്ലൽനീങ്ങിമരുവാനിരക്ക മിശിഹാപാദത്തിലതിശാന്തമായ്.

സി. മാത്യു കുട്ടമ്മേൽ.

## തിരുഹൃദയഭക്തന്മാർ ൧൯൨൨ മിഥുനമാസത്തിൽ വെക്കേണ്ട പൊതുനിയോഗം.

"തിരുഹൃദയഭക്തിയെ വേണ്ടപോലെ മനസ്സിലാക്കുക."

ഈ ഇരുപതാം നൂററാണ്ടിൽ ന. ക. തിരുഹൃദയഭക്തി ലോകമെങ്ങും പൂർവ്വാധികം പ്രചരിച്ചിട്ടുണ്ടു എന്നുള്ളതിനു രണ്ടുപക്ഷമില്ലാ. ഈ ശതവർഷാരംഭത്തിൽ ഭാഗ്യപ്പെട്ട ഓർമ്മയ്ക്കു യോഗ്യനായ ൧൩-ാം ലെഓൻ മാർപ്പാപ്പാ സമസ്ത ലോകത്തേയും തിരുഹൃദയത്തിനു പ്രതിഷ്ഠിച്ചതു മുതൽ ഈ ഭക്താഭ്യാസത്തിനു തിരുസഭയിലുണ്ടായിട്ടുള്ള പ്രചാരം അതിശയനീയമെന്നേ പറയേണ്ടതുള്ളു. നാൾക്കുനാൾ ഈ ഭക്തി വർദ്ധിച്ചു വരുന്നതിന്നും അതു വഴിയായി മ്ശിഹായുടെ രാജ്യഭരണസീമ വിസ്തീർണ്ണമാകുന്നതിന്നും സഭ നിരന്തരമായി ശ്രമിച്ചുവരുന്നു. ഇതിനാൽ തിരുഹൃദയ ഭക്തിയേക്കുറിച്ചുള്ള അറിവു സകല ക്രിസ്ത്യാനികളിലും ഉപര്യുപരി വർദ്ധിച്ചുവരുന്നതിനു തിരുഹൃദയ സഭാംഗങ്ങൾ മിഥുനമാസം മുഴുവനും പ്രാർത്ഥിക്കണമെന്നു പരിശുദ്ധ പിതാവു ആജ്ഞാപിച്ചിരിക്കുന്നു.



അറിയാത്തതിനെ ആഗ്രഹിക്കയില്ല എന്നാണല്ലോ തത്വശാസ്ത്രപ്രമാണം. നമ്മുടെ കർത്താവിൻെറതിരുഹൃദയഭക്തി ലോകമെങ്ങും പ്രചരിക്കുന്നതിനു അവശ്യംവേണ്ട ഒരു കാര്യം പ്രസ്തുത ഭക്തി എന്താണെന്നു എല്ലാവരും ഗ്രഹിക്കണമെന്നുള്ളതാണ്. ഈ ഭക്തി എന്തിൽ അടങ്ങിയിരിക്കുന്നുവെന്നു ശരിയായി ഗ്രഹിക്കുന്നപക്ഷം എല്ലാ ക്രിസ്ത്യാനികളും ഈഭക്തിയിൽ മേൽക്കുമേൽ വർദ്ധിച്ചുവരുമെന്നുള്ളതിനു സംശയലേശം പോലുമില്ല.

തിരുഹൃദയഭക്തി നവീനമായ ഒന്നാണെന്നു പലരും തെററിധരിച്ചുവരാറുണ്ട്. പക്ഷെ ഇതു ക്രിസ്തീയവേദം എത്ര പഴക്കമുള്ളതാണൊ അത്രയും പഴക്കമുള്ളതുതന്നെയാണ്. എന്തുകൊണ്ടെന്നാൽ തിരുഹൃദയഭക്തിയുടെ വിഷയം നമ്മുടെ ദിവ്യരക്ഷകൻെറ അതിരുകടന്ന സ്നേഹമാണു. ഈ സ്നേഹത്തെ എന്നു മനുഷ്യർ കണ്ടറിവാൻ ആരംഭിച്ചോ അന്നുമുതൽ അവർ ഈശോമ്ശിഹായെ സ്നേഹിക്കുന്നതിനും തുടങ്ങി. എന്നാൽ ജാൻസെൻ എന്ന ദുർബ്ബോധി ൧൭-ാം നൂററാണ്ടിൽ ലോകരക്ഷകനു മനുഷ്യകുലത്തോടുള്ള അളവററ സ്നേഹത്തെ ലഘൂകരിച്ചു പ്രസംഗിക്കയും തന്നിമിത്തം നമ്മുടെ ദിവ്യനാഥൻെറ നേരെയുള്ള സ്നേഹം പലരിലും കുറഞ്ഞുവരികയും ചെയ്യുന്നതുകണ്ടു അങ്ങുന്നു തിരുഹൃദയഭക്തിയെ ഒരു പുതിയ നിലയിൽ സ്ഥാപിക്കുന്നതിനു തിരുമനസ്സായി വി. മറിയം മഗ്ദ്ദലീത്താ അലക്കോക്ക എന്ന പുണ്യവതി വഴിയായി ഈ ഭക്തിയെ ലോകത്തിൽ പ്രചരിപ്പിക്കയാണ് ചെയ്തതു്.

തിരുഹൃദയഭക്തിയുടെ കാതൽ എന്താണെന്നു ഈ പുണ്യവതിയോടുള്ള ദിവ്യരക്ഷനാഥൻെറ തിരുവചനങ്ങളിൽനിന്നു വിശദമാകുന്നുണ്ട്. ഇതാ ദിവ്യരക്ഷകൻെറവാക്യങ്ങൾ: "മനുഷ്യരെ ഇത്ര അധികം സ്നേഹിക്കുന്ന എൻെറ ഹൃദയം ഇതാ." ന. കത്താവിൻെറ അതിരുകടന്ന സ്നേഹത്തിനു പ്രതിപകരമായി അങ്ങേ സ്നേഹിക്കണമെന്നാണു ഇതിൽനിന്നു തിരുഹൃദയഭക്തന്മാർ പഠിക്കേണ്ട പാഠം. ഇതിനേത്തുടൎന്നു നമ്മുടെ കത്താവു പറയുന്നു. "നീ എങ്കിലും മനുഷ്യർ എൻെറ നേരെ കാണിക്കുന്ന നന്ദികേടുകൾക്കു നിനക്കു പാടുള്ളതുപോലെ പരിഹാരം ചെയ്യണം". വി മറിയം മഗ്ദ്ദലീത്തായോടുള്ള കല്പന തിരുഹൃദയസഭാംഗങ്ങൾ ഓരോരുത്തരോടും, ക്രിസ്ത്യാനികൾ എല്ലാവരോടും അവിടുന്നു ചെയ്യുന്ന ഉപദേശമാണ്. ആകയാൽ സ്നേഹവും പരിഹാരവും തിരുഹൃദയഭക്തിയുടെ കാതലായി കരുതപ്പെട്ടുപോരുന്നു.

ഈ രണ്ടു സംഗതികളും എല്ലാ ക്രിസ്ത്യാനികളും മനസ്സിലാക്കുന്നതിനും, തദ്വാരാ ഇതുകളെ പ്രവൃത്തിയിൽവരുത്തി തിരുഹൃദയഭക്തിയിൽ പൂൎവ്വാധികം അഭിവൃദ്ധി പ്രാപിക്കുന്നതിനും തിരുഹൃദയസഭാംഗങ്ങൾ ഈമാസം മുഴുവനും പ്രാൎത്ഥിക്കേണ്ടിയിരിക്കുന്നു.

കൎക്കടകമാസം— "സ്വദേശജനത്തിൻെറ മാനസാന്തരം."

---

## പുതിയ പുസ്തകങ്ങൾ

### 1. അനുദിനഭോജനം.

പയ്യപ്പിള്ളിൽ ബ. മത്തായി അച്ചനവർകൾ എഴുതിയ ഈ പുസ്തകത്തിൻെറ മൂന്നാംപതിപ്പ് എണ്ണാകുളം മാർ ളൂയിസ് മെമ്മോറിയൽ പ്രസ്സിൽ അടിച്ചതിൻെറ ഒരു പ്രതിയാണു ഞങ്ങളുടെ മുമ്പിലിരിക്കുന്നതു്. രണ്ടാംപതിപ്പുപോലും ആവശ്യപ്പെടുന്നതിനു ഭാഗധേയം സിദ്ധിക്കുന്ന മലയാളകൃതികൾ തുലോം ദുർല്ലഭമായിരിക്കെ ഈ ചുരുങ്ങിയ കാലത്തിനിടക്കൊണ്ടു മൂന്നാംപതിപ്പിലേക്കു കടന്ന ഈ ചെറുപുസ്തകത്തിൻെറ പ്രചുരപ്രചാരംതന്നെ അതിൻെറ വൈശിഷ്ട്യത്തെ തെളിയിക്കുന്ന ഒരുത്തമ സാക്ഷ്യമാകുന്നു. അനുബന്ധമായിച്ചേൎത്തിട്ടുള്ള പ്രാൎത്ഥനകളാദിയായവ ഈ പുസ്തകത്തെ നിത്യോപയോഗത്തിനുപകരിക്കത്തക്ക ഒരു ജപപ്പുസ്തകവുമാക്കിത്തീൎന്നിട്ടുണ്ട്.

### 2. ജ്ഞാനദൎപ്പണം.

ദൈവജനനിയുടെ നേൎക്കുള്ള യഥാൎത്ഥഭക്തി കത്തോലിക്കാ ക്രിസ്ത്യാനിക്കു വാസ്തവത്തിലുള്ള ഒരുജ്ഞാനദൎപ്പണം തന്നെയാണു. ഇപ്രകാരമുള്ള ഒരു ചെറിയ ദൎപ്പണം ഇററാലിയനിൽ നിന്നു ഭാഷാന്തരംചെയ്തു കേരളീയ ക്രിസ്ത്യാനികൾക്കു നൽകുന്നതിനുള്ള പെ. ബ. മാ

മ്പിള്ളി ഗീവറുഗീസച്ചൻ അവർകളുടെ വാർദ്ധക്യകാലത്തെ ഈ ശ്രമം എത്രയും സ്തുത്യർഹമായിരിക്കുന്നു. രണ്ടാംഭാഗമായി ദൈവസ്മരണയേപ്പററി ഇതിൽ ചേർത്തിട്ടുള്ള അദ്ധ്യായങ്ങളും, ഭക്തഗീതാവലി മുതലായ അനുബന്ധങ്ങളും ഈ ഒപ്പണത്തിൻെറ ശോഭയെ സവിശേഷം വർദ്ധിപ്പിച്ചിട്ടുണ്ട്. എൽത്തുരുത്തു വി. യൌസേപ്പിൻ കരകൌശലശാല അച്ചുക്കൂട്ടത്തിൽ ആവശ്യപ്പെട്ടാൽ ഈ പുസ്തകം വിലയ്ക്കുകിട്ടുന്നതാണ്.

### 3. വാഴ്ത്തപ്പെട്ട ജോൺ ഡി. ബ്രിട്ടോവിൻെറ ജീവചരിത്രം.

പതിനേഴാം ശതാബ്ദത്തിൻെറ അവസാന ദശയിൽ മധുരയിൽ വന്നു വേദ പ്രചാരാൎത്ഥം വേല ചെയ്തു രക്തസാക്ഷി മുടി പ്രാപിച്ച ഒരു പോർട്ടുഗീസു ജെസ്വീററു മിഷ്യനറിയാണു വാഴ്ത്തപ്പെട്ട ജോൺ ഡി. ബ്രിട്ടോ. ഈ ദേഹത്തിൻെറ ഒരു സംക്ഷേപ ചരിത്രം എൻ. ജി. ഡികോസ്റ്റ അവർകൾ എഴുതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ള ചെറിയ പുസ്തകം ആദ്ധ്യാത്മിക പാരായണത്തിനു അത്യന്തം ഉപകരിക്കുമെന്നുള്ളതിനു സന്ദേഹമില്ല. രണ്ടര അണ ഇതിനു വില വച്ചിട്ടുള്ളതു കുറെ കടന്നുപോയില്ലയൊ എന്നു ഞങ്ങൾ സംശയിക്കുന്നു.

### 4. സെൻറു് അന്തോനിയുടെ വണക്കമാസം.

മുമ്പു ആണ്ടുവട്ടത്തിൽ രണ്ടോ മൂന്നോ വണക്കമാസങ്ങൾ മാത്രമുണ്ടായിരുന്നപ്പോൾ പ്രായേണ എല്ലാ ക്രിസ്തീയ കുടുംബങ്ങളിലും ആഘോഷപൂൎവ്വം അവ കൊണ്ടാടപ്പെട്ടുവന്നിരുന്നെന്നും, ഇപ്പോൾ മാസവണക്കങ്ങൾ വർദ്ധിച്ചതിനോടുകൂടെ പുരാതനമായ ആ ഭക്തി തീക്ഷ്ണത ക്ഷയിക്കയാണു ചെയ്തിട്ടുള്ളതെന്നും പൊതുവേ ഒരു ആവലാതി നടപ്പിൽവന്നിട്ടുണ്ടു. ഏതായാലും വി. അന്തോനീസിൻെറ നേരെയുള്ള ഭക്തി സൎവ്വത്ര പ്രചരിച്ചു വരുന്ന ഈ കാലത്തു ഈ സിദ്ധൻെറ ഒരു വണക്കമാസപ്പുസ്തകത്തിനു പലടത്തും സ്വാഗതം സിദ്ധിക്കാതിരിക്കയില്ല. പെരുമാൾതുറ എച്ച്. ഡി. സിൽവാ അവർകൾ ഭാഷാന്തരം ചെയ്തു കോട്ടയം കത്തോലിക്ക മിഷ്യൻ പ്രസ്സിൽ അച്ചടിപ്പിച്ചിട്ടുള്ള ഈ പുസ്തകത്തിനു എട്ടണമാത്രമേ വില വച്ചിട്ടുള്ളു. ആവശ്യക്കാർ പരിഭാഷകനോടോ പ്രസിദ്ധകന്മാരോടോ എഴുതിച്ചോദിക്കണം.

### 5. ക്രിസ്തീയ പുനരൈക്യം.

സാഹിത്യ കുശലനായ മിസ്റ്റർ സി. അന്തപ്പായി ബി. ഏ. എഴുതിയിട്ടുള്ളതും 'കുസുമഗ്രന്ഥാവലി' ൧൬-ാം നമ്പരായി പ്രസിദ്ധീകരിച്ചിട്ടുള്ളതുമായ ഈ വിശിഷ്ട കൃതി കേരളത്തിലെ ക്രിസ്തീയ സഭയുടെ ഏതൽക്കാല പൎയ്യന്തമുള്ള ഒരു സംക്ഷേപ ചരിത്രമായി പരിഗണിക്കാവുന്നതാണ്. പുനരൈക്യ ധ്വനി സകല ത്രുമാററൊലി കൊള്ളുന്ന ഒരു കാലഘട്ടമാണല്ലൊ ഇതു്. എന്നാൽ 'മൂലം' മറന്നുള്ള ഐക്യം സ്ഥായിയായ ഫലത്തെ ചെയ്യുന്നതല്ലാത്തതിനാൽ ആദ്യം അടിസ്ഥാനം കണ്ടെത്തണം; അതിനോടാണ് ഐക്യപ്പെടേണ്ടതു്. കത്തോലിക്കരും അകത്തോലിക്കരുമായ മഹത്തുക്കൾ ഇത്തരുണത്തിൽ ഈ പുസ്തകം അവധാനപൂൎവ്വം വായിക്കുന്നതു അത്യധികം ഫലപ്രദായകമായിരിക്കും. കർമ്മലകുസുമം ആപ്പീസിൽ നിന്നു രണ്ടണ വിലക്കു ഇതു വാങ്ങിക്കാവുന്നതാണ്.

## കുറിപ്പുകളും വർത്തമാനങ്ങളും.

☞ യുവകവികൾക്ക് — അടുത്ത മാസത്തേയ്ക്കു പതിവുപോലെ ലുത്തനിയായുടെ അടുത്ത അഞ്ചു നിവൃത്തുകൾ.

പതിനൊന്നാം പീയൂസു് മാർപ്പാപ്പാ തിരുമനസ്സിലേക്കു ൨൨ ഭാഷകൾ പരിചയമുണ്ടെന്നു പറയപ്പെടുന്നു.

ഇപ്പോഴത്തെ പഞ്ചാംഗക്രമം പരിഷ്കരിച്ചു ശാശ്വത രീതിയിലാക്കുന്നതിലേക്ക് കാർഡിനൽ മേർസിയർ അവർകളുടെ ആദ്ധ്യക്ഷത്തിൽ ജ്യോതിശാസ്ത്രജ്ഞന്മാരുടെ ഒരു സംഘം താമസിയാതെ റോമയിൽ വത്തിക്കാൻ അരമനയിൽ വച്ചു നടക്കുന്നതാണ്.

ഇംഗ്ലണ്ടിലെ ആംഗ്ലിക്കൻ സഭയിൽ ൧൮൭൩-ൽ ൨൭ ആയിരം വൈദികരുണ്ടായിരുന്നു. ഇപ്പോൾ അവരുടെ തുക പതിനെണ്ണായിരത്തഞ്ഞൂറിലധികം വരുന്നതല്ലെന്നു കാണുന്നു.

൧൯൨൨-ലേ കണക്കനുസരിച്ചു ഇപ്പോൾ ലോകത്തിൽ ൩൦ കോടിയിൽപ്പരം കത്തോലിക്കരുള്ളതിൽ ഒന്നരകോടിയോളം ബ്രിട്ടീഷ് സാമ്രാജ്യത്തിൽ പെട്ടവരാകുന്നു.

ഇൻഡ്യയിൽ പ്രൊട്ടസ്റ്റൻറു മത പ്രചാരത്തിനായി ൧൦൦൦൦-ൽപരം മിഷ്യനറിമാർ വേല ചെയ്യുന്നുണ്ട്. കത്തോലിക്കരായ വേദപ്രചാരണ വേലക്കാർ ൧൨൭൫ മാത്രമേയുള്ളുവെന്നു കാണുന്നതു് ശോചനീയം തന്നെ.

സിലോണിലുള്ള അമലോത്ഭവ മാതാവിൻെറ സഭാംഗമായ ഫാദർ ചൗനാവൽ എന്ന ദേഹത്തിനു ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിൽ ൯൦ വയസ്സു തികഞ്ഞിരിക്കുന്നു. ഇദ്ദേഹത്തിൻെറ ഗുരുപ്പട്ടത്തിൻെറ എഴുപതാം വത്സര ജൂബിലി കുറെ മുമ്പു ആഘോഷിക്കപ്പെടുകയുണ്ടായി. പന്ത്രണ്ടാം ലെയോൻ മാർപ്പാപ്പാ തുടങ്ങി പതിനൊന്നാം പീയൂസുവരെ എട്ടു മാർപ്പാപ്പാമാർ ഇദ്ദേഹത്തിൻെറ കാലത്തു വാണിട്ടുണ്ട്.

"തൊഴിലാളി" എന്ന പേരോടുകൂടി കൃഷി, വ്യാപാരം, കൈത്തൊഴിൽ, ശാസ്ത്രീയങ്ങളായ കണ്ടുപിടുത്തങ്ങൾ മുതലായതുകളെപ്പററി പ്രതിപാദിക്കുന്ന ഒരു മാസിക അടുത്ത മിഥുനം മുതൽ ഇരിങ്ങാലക്കുട നിന്നും പുറപ്പെടുതാണെന്നും ആണ്ടേക്കു ഇതിനുള്ള വരിസംഖ്യ ൩൦ ക. ആയിരിക്കുമെന്നും ഇവിടെ കിട്ടിയ ഒരുവിജ്ഞാപനം കൊണ്ടറിയുന്നു.

ബൽജിയം രാജാവും പത്നിയും രാജകുമാരനും കൂടി കഴിഞ്ഞ മാസത്തിൽ മാർപ്പാപ്പാ തിരുമേനിയെ സന്ദർശിക്കുകയും ഖനം കൊണ്ടുണ്ടാക്കപ്പെട്ട അതി വിശേഷമായ ഒരു കുരിശുരൂപം പരിശുദ്ധപിതാവിനു സമർപ്പിക്കയും ചെയ്തു. മോസാസ്സു പണിയിൽ ചെയ്യപ്പെട്ടിട്ടുള്ള ഓരോ സാധനങ്ങൾ തിരുമനസ്സുകൊണ്ടു അവർക്കും സമ്മാനിക്കയുമുണ്ടായി.

തിരുവിതാംകൂർ നിയമനിർമ്മാണ സഭയുടെ ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പു കത്തോലിക്കരെ സംബന്ധിച്ചെടത്തോളം വിജയകരമായിരിക്കുന്നുവെന്നു കാണുന്നതു ചാരിതാർത്ഥ്യജനകം തന്നെ. അഞ്ചു കത്തോലിക്കർ ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു. നമ്മുടെ ജനങ്ങൾ കുറേകൂടെ ഐകമത്യബുദ്ധിയോടെ ശ്രമിച്ചെങ്കിൽ നമുക്കപൂർണ്ണവിജയം സിദ്ധിച്ചേനേ.

കോട്ടയം മാസിക താമസിയാതെ 'കോട്ടയം താരക' എന്ന പേരിൽ പ്രതിവാരപത്രികയായി പ്രസിദ്ധപ്പെടുത്തുന്നതിനു ഭാരവാഹികൾ ആലോചിച്ചുവരുന്നതായി അറിയുന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. കോട്ടയത്തു കത്തോലിക്കരുടെ വകയായി ഒരു പ്രതിവാരപ്പത്രമെങ്കിലും ഇതേവരെ ഇല്ലാതിരുന്നതു നമുക്കു ക്ഷന്തവ്യമല്ലാത്ത ഒരു ന്യൂനതയായിരുന്നുവെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ.

വായിപ്പൂർ മണപ്പുറത്തുവച്ചു ഇദംപ്രഥമമായി നടന്ന കോൺഫറൻസു പ്രതീക്ഷയെ കവിഞ്ഞു മംഗളമായി കഴിഞ്ഞുകൂടിയതിൽ ഭാരവാഹികളെ പ്രത്യേകം ശ്ലാഘിക്കേണ്ടിയിരിക്കുന്നു. അടുത്ത കോൺഫറൻസു ഇതിലും മോടിയായി നടത്തുന്നതിനു വേണ്ട ശ്രമങ്ങൾ ഇപ്പോഴെ തുടങ്ങിയിട്ടുള്ളതു ശുഭസൂചകം തന്നെ. കത്തോലിക്കാസഭയെ ഇതരമതസ്ഥന്മാർ യഥായോഗ്യം മനസ്സിലാക്കുന്നതിനു ഈ ഉദ്യമങ്ങൾ അത്യന്തം ഉപകരിക്കാതിരിക്കയില്ല.

ബഹളംമൂലം നിയമനിർമ്മാണസഭാ തെരിഞ്ഞെടുപ്പു നടക്കാതിരുന്ന തിരുവല്ലാ താലൂക്കിലെ സ്ഥാനാർത്ഥികളിൽ ഒരാളായ മിസ്റ്റർ ഇ. ജെ. ജോൺ ബി. ഏ. ബി. എൽ. തൽസ്ഥാനത്തുനിന്നു പിന്മാറിയിരിക്കുന്നതായി എഴുതി പരസ്യപ്പെടുത്തിയിരിക്കുന്നു.

## മനോഗുണവിവരങ്ങൾ.

പല ചികിത്സകളുടെ ശേഷം സുഖലബ്ധിക്കസാദ്ധ്യമെന്നു ശരണമറ്റുകിടന്നിരുന്നതായ എന്റെ മകളുടെ സുഖക്കേടു വി. അന്തോനീസിന്റെ സഹായത്താൽ സുഖപ്പെട്ടിരിക്കുന്നു.

കെ. സി. ആർ ചെട്ടിക്കാട്ടു.

മാർ യൌസേപ്പു പുണ്യവാന്റെയും ചെങ്ങളത്തിൽ വി. അന്തോനീസിന്റെയും മാദ്ധ്യസ്ഥത്താൽ എന്റെ ഭാര്യയുടെ ദീനം സുഖപ്പെട്ടതിനു ഉപകാരസ്മരണ.

പി. വി. ഐ. ഞാറക്കൽ.

ചെങ്ങളത്തിൽ വി. അന്തോനീസിന്റെ അപേക്ഷയാൽ എന്റെ പ്രസവത്തിൽ എനിക്കു നേരിട്ട വലിയ അപകടം നീങ്ങി കിട്ടിയതിനു കൃതജ്ഞത കാണിച്ചു കൊള്ളുന്നു.

വിറോനിയാ—സെലാണ്ടർ.

എനിക്കുനേരിട്ട പ്ളൂരസി ന്യൂമോണിയാ എന്ന സുഖക്കേടുകൾ തിരുഹൃദയത്തിന്റെ പ്രത്യേക അനുഗ്രഹത്താൽ നീങ്ങിയതിനു നന്ദിപറയുന്നു.

ജോസഫ്—പൂക്കോണ്ട്.

വി. ഫിലോമിനാ പുണ്യവതിയുടെ സഹായത്താൽ എന്റെ ജ്യേഷ്ഠന്റെ കുട്ടിക്കു കിട്ടിയ അത്ഭുത രോഗശമനത്തിനു ഉപകാരസ്മരണ.

ജെ. ജെ. പോള, തത്തമ്പള്ളി.

വി. അന്തോനീസിന്റെ സഹായത്താൽ എന്റെ കുട്ടിയുടെ ന്യൂമോണിയാ ദീനം സുഖപ്പെട്ടിരിക്കുന്നതിനാൽ കുസുമം വഴിക്കു ഉപകാരസ്മരണ.

പി. എ. എം. എടത്തുരുത്തി.

## ചരമ വാർത്തകൾ.

കർത്താവിൽ ഭാഗ്യമരണം പ്രാപിച്ച താഴെപ്പറയുന്ന ആളുകളുടെ ആത്മാനുകൂലത്തിനായി കുസുമവായനക്കാർ പ്രാർത്ഥിപ്പാറാകുന്നു.

(൧) ചേരാനല്ലൂർ ഇടവക വാളാന്തറ പത്രോസ് റപ്പായേൽ ൨൨-നു- ൬൬ വയസ്സ്. (൨) അഞ്ചുതെങ്ങു വലിയ വീട്ടിൽ വറീതു തൊമ്മൻ പ്രണണ്ടസ് മേടം ൧-നു- ൫൪ വയസ്സ്. (൩) ഞാറയ്ക്കൽ ഇടവക വട്ടത്ര കുഞ്ഞുചാക്കുവിന്റെ ഭാര്യ മറിയം മേടം ൧൮-നു- ൪൧ (൪) തുരുത്തിപ്പുറത്തുപള്ളിയിടവക കളത്തിൽ വറിയതുവാറു ഏപ്രിൽ ൨൧ വയസ്സ് ൫൬. (൫) ചേർത്തല വട്ടസ്ഥാനശ്ശേരി വലിയമററത്തു വക്കി ജോസഫ് ഏപ്രിൽ ൨൫-ാനു- ൩൭ വയസ്സ്. (൬) കൈപ്പുഴപള്ളിയിടവക ഇലസ്ഥാനു കൊച്ചുതൊമ്മൻ ഏപ്രിൽ ൩൦ വയസ്സ് ൩൬. (൭) പെരിങ്ങൊഴയിടവക കണിമററത്തിൽ ഉലഹന്നാൻ പൌലോസു അവർകളുടെ ഭാര്യ മറിയം മെയ് ൨ വയസ്സ് ൪൯. (൮) കുറവിലങ്ങാട്ടുപള്ളിയിടവക അസ്ഥരമററത്തിൽ മത്തായി മെയ് ൬ വയസ്സ് ൫൯. (൯) മററക്കരപ്പള്ളി പണിക്കു ഹേതുഭൂതനും, കാവാലംപള്ളി വികാരി മണ്ണനാൽ ബ. കുര്യാക്കോസച്ചൻ അവർകളുടെയും ക. നി. മൂ. സ. ബ. റൊമേവൂസച്ചൻ അവർകളുടെയും പിതാവും ആയ മണ്ണനാൽ കന്നുകുഴിയിൽ പുന്നൻ യൌസേപ്പു മേ ൧൮-നു- വെള്ളിയാഴ്ച, കാലത്തു ൬ മണിക്കു ൬൭ വയസ്സ്.

R. I. P.

## ഔഷധക്കുറിപ്പുകൾ.

കഞ്ഞിയുടെ തെളിവെള്ളത്തിൽ ചുവന്നുള്ളി അരച്ചു കലക്കി സേവിച്ചാൽ അർശസ്സിൽ നിന്നും രക്തം പോകുന്നതു ശമിക്കും.

മാതള നാരങ്ങായുടെ അല്ലി ഉടച്ച നീരിൽ ജാതിക്കാപ്പൊടിയും തേനും ചേർത്തു മർദ്ദിച്ചു സേവിച്ചാൽ വയറു കടി ശമിക്കും.

ഉളുക്ക്, ചതവു മുതലായതുകൾകൊണ്ടു അംഗവൈകല്യം സംഭവിച്ചാൽ വട്ടമരത്തിന്റെ തൊലി ചതച്ചു കിഴികെട്ടി കാടിയിൽ തിളപ്പിച്ചു എണ്ണ പുരട്ടിയ ശേഷം ഈ കിഴികൊണ്ടു ആവി പിടിച്ചാൽ മതിയാകുന്നതാണ്.

എരട്ടി മധുരവും ഈന്തപ്പഴവും സമമിട്ടു പാലു കാച്ചിക്കുടിച്ചാൽ സംസാരവശാലുണ്ടാകുന്ന ഒച്ചയടപ്പു മാറി സ്വര ശുദ്ധിയുണ്ടാകും.

# പഞ്ചാംഗം.

ഞായറാഴ്ച അക്ഷരം 2. ൧൦൯൭ എല്പകത്തി [illegible]

## ൧൯൨൨ ജൂൺ ൻെറ ഇടവം - മിഥുനം.

| | | | | |
|---|---|---|---|---|
| 1 | 19 | വ്യാ | † മൌ. ആ. അന്തോനീനി. മെയി. ൧൦ ന. ആ. കു. വെ. | വെ. |
| 2 | 20 | വെ | വേദ. മർസെ. ന. ആ. കു. തലെ. ന. ആ. കു. ത. | ച്യു. |
| 3 | 21 | ശ | പന്ത. തലെ. ന. ആ. കു. ത. | ച്യു. |
| 4 | 22 | ഞാ | ✠ പന്തക്കു. ന. കു. ആ. [illegible] | ച്യു. |
| 5 | 23 | തി | (✠) എം. ന. കു. ആ. | ച്യു. |
| 6 | 24 | ചൊ | (✠) എം. ന. കു. ആ. | ച്യു. |
| 7 | 25 | ബു | (✠) എം. ന. കു. ആ. പട്ടം. | ച്യു. |
| 8 | 26 | വ്യാ | എം. ന. കു. ആ. | ച്യു. |
| 9 | 27 | വെ | എം. ന. കു. ആ. പട്ടം. | ച്യു. |
| 10 | 28 | ശ | എം. ന. കു. ആ. പട്ടം. | ച്യു. |
| 11 | 29 | ഞാ | ✠ പന്ത. ൧ ാം ഞാ. ത്രിത്വം. ന. ആ. കു. വെ.. [illegible] | വെ. |
| 12 | 30 | തി | വേദ. ബസ്സിലി ന. ആ. കു. വെ. | ച്യു. |
| 13 | 31 | ചൊ | മൌ. അന്തോനി പാദ്വാ. ന. ആ. കു. വെ. ചെങ്ങളം, വലിയതുറ, ഒളശ, കല്ലൂര്, പൈങ്ങോട്ടൂര് പാദുവാപള്ളി ഒല്ലൂർ, ഈ പള്ളികളിൽ വി. അന്തോനീസിൻെറ തിരുനാൾ. | വെ. |
| 14 | 32 | ബു | അ. മ. മൌ ബസ്സെലിസ് ന. കു. വെ. | വെ. |
| 15 | 1 | വ്യാ | ✠ ശു. കുർബാന ന. കു. വെ. | വെ. |
| 16 | 2 | വെ | എം. ന. കു. വെ. | വെ. |
| 17 | 3 | ശ | എം. ന. കു. വെ. | വെ. |
| 18 | 4 | ഞാ | ✠ പന്ത. ൨ ാം ന. കു. ആ. [illegible] | വെ. |
| 19 | 5 | തി | എം. ന. കു. വെ. | വെ. |
| 20 | 6 | ചൊ | എം. ന. കു. വെ. | വെ. |
| 21 | 7 | ബു | എം. ന. കു. വെ. | വെ. |
| 22 | 8 | വ്യാ | ✠ ശു. കുർബാന എട്ടാ. ന. കു. വെ. | വെ. |
| 23 | 9 | വെ | † ന. ക. തിരുഹൃ. ന. ആ. കു. വെ. ✻ . [illegible] തുമ്പോളി, പെരിങ്ങുഴ, രാമപുരം ഈ പള്ളികളിൽ ന. ക. തിരു ഹൃദയത്തിരുനാൾ. | വെ. |
| 24 | 10 | ശ | (✠) ശു. യോഹ. മാം. പിറവി ന. വെ. വടകരപ്പള്ളിയിൽ വി. യോഹന്നാൻ മാംദാനാ പിറവിതിരുനാൾ. | വെ. |
| 25 | 11 | ഞാ | ✠ പന്ത. ൩ ാം ന. കു. ആ. (മ. ക. തിരുഹൃ. വെ) [illegible] ☞ അടുത്ത ബുധൻ ഇ. വി. വ്യാഴം കടം പള്ളിയിൽ അറിയിക്കണം. | വെ. |
| 26 | 12 | തി | വേ. യോഹ. ന. ആ. കു. വെ. | ച്യു. |
| 27 | 13 | ചൊ | ബെന്നവാ ശ്ലീ. ന. കു. വെ. ഈ. ൧൧. | ച്യു. |
| 28 | 14 | ബു | പാ. മൌ. ലെയോൻ ന. ആ. കു. വെ. (ഇ. വി) | വെ. |
| 29 | 15 | വ്യാ | ✠ ശ്ലീ. പത്രോസു പൌലോസു ന. കു. വെ. ചേർപ്പുങ്കൽ, അരിക്കുഴ, ഈ പള്ളികളിൽ പ്രധാന തിരുനാൾ. | ച്യു. |
| 30 | 16 | വെ | ശ്ലീ. പൌലോസു ന. കു. വെ. | ച്യു. |

Printed and Published for the Proprietor by P. K. Joseph at
St. Joseph's Press, Mannanam. 1922.

# മാന്നാനം അച്ചുക്കൂടത്തിൽ വില്പാനുള്ള പുസ്തകങ്ങളുടെ വിലവിവരപ്പട്ടിക.

| | രൂ. | ച. | ക. |
|---|---|---|---|
| നിത്യാരാധന. | 2 | 0 | 0 |
| „ ചുവപ്പുതുകലിൽ പൊൻവരയുംമററുമിട്ടതു്. | 2 | 7 | 2 |
| „ ടി. തരംതുകലിന്മേൽ പൊൻപണിവരയുംമാൎബിളുമിട്ടതു്. | 2 | 14 | 4 |
| „ ടി. തരം പൊൻ വെള്ളികളാൽ പണിയപ്പെട്ടതു്. | 2 | 21 | 6 |
| „ ചുവന്നതുകലിന്മേൽ പൊൻപണിയും വിളമ്പിനു മാൎബിളുമിട്ടതു്. | 3 | 14 | 4 |
| വിളമ്പിനു പൊന്നും ടി. തുകലിന്മേൽ പൊൻപണിയും ഉള്ളതു്. | 5 | 14 | 4 |
| ടി. വിശേഷതരത്തിൽ പൊൻ പണി. | 7 | 14 | 4 |
| കൃപാനിധി, (തുകൽക്കെട്ടു്.) | 1 | 21 | 6 |
| പീയൂഷ സംഗ്രഹം, (തുകൽക്കെട്ടു്.) | 0 | 21 | 6 |
| ടി. പൊൻപണിയുംവിളമ്പിനു മാൎബിളുമിട്ടതു്. | 1 | 3 | 8 |
| ദിനചൎയ്യം (തുകൽക്കെട്ടു.) | 0 | 12 | 0 |
| ഒരുമണി ആരാധന. | 0 | 14 | 4 |
| കുസുമ മകുടം | 0 | 3 | 0 |
| ദിവ്യസ്നേഹജ്വാല. | 0 | 2 | 0 |
| ബാലരത്നം. | 0 | 6 | 0 |
| ബാലനിക്ഷേപം (തുകൽ അരക്കെട്ടു്.) | 0 | 14 | 4 |
| വിസീത്ത. | 0 | 12 | 0 |
| തിരുഉറക്കൊഴിച്ചിൽ. | 0 | 2 | 0 |
| Golden Key. | 1 | 7 | 2 |
| പുതിയ നിയമം | 0 | 16 | 0 |

| | രൂ. | ച. | ക. |
|---|---|---|---|
| വേദാഗമ ചരിത്രം (പഴയ നിയമം.) | 0 | 16 | 0 |
| വേദോപദേശ സംക്ഷേപം. | 0 | 10 | 0 |
| ക്രസ്തീയവേദപഠന „ | 0 | 2 | 0 |
| വേദോപദേശസംഗ്രഹ | 0 | 2 | 0 |
| വൈദികദൎപ്പണം. | 0 | 14 | 0 |
| സത്യവേദ പരീക്ഷ (തുകൽ അരക്കെട്ടു) | 1 | 7 | 2 |
| കുടുംബപ്രതിഷ്ഠ | 0 | 3 | 9 |
| കത്തോലിക്കാമതതത്വങ്ങൾ. | 0 | 3 | 0 |
| ചതുൎവ്വിധോത്തരീയങ്ങൾ. | 0 | 5 | 4 |
| സുഭാഷിതങ്ങൾ. | 0 | 5 | 4 |
| അത്ഭുതലീലിപ്പുഷ്പമഞ്ജരി | 0 | 7 | 0 |
| അന്തോനീസുപുണ്യവാൻെറ അല്പം | 0 | 3 | 9 |
| എളിമയുടെ അഭ്യാസം. | 0 | 5 | 0 |
| കൎത്താവിൻെറ തിരുഹൃദയ വണക്കം. | 0 | 17 | 13 |
| കത്തോലിക്കാ പരിശ്രമം. | 0 | 12 | 0 |
| കുടുംബക്രമം (തുകൽ അരക്കെട്ടു്.) | 1 | 10 | 0 |
| ചരമപ്രബോധനം. | 0 | 6 | 0 |
| ജപമാല. | 0 | 3 | 0 |
| ദേവമാതവിൻ വണക്കമാസം. | 1 | 0 | 0 |
| യൌസേപ്പു പിതാവിൻ വണക്കമാസം. | 1 | 0 | 0 |
| ടി രണ്ടുംകൂട്ടിക്കെട്ടിയതു്. | 1 | 21 | 6 |
| ദേവമാതാവിൻ അമലോത്ഭവപ്രസ്താവന സ്വൎണ്ണജൂബിലി സ്മാരകം (ഒന്നാം ഭാഗം.) | 0 | 3 | 0 |
| ടി. രണ്ടാം ഭാഗം. | 0 | 4 | 0 |
| ടി. രണ്ടുംകൂടികൂട്ടിക്കെട്ടിയതു് | 0 | 7 | 0 |

സൂപ്രണ്ടു്, സെൻറ് ജോസഫ് പ്രസ്സ്, മാന്നാനം.

---


## കുസുമഗ്രന്ഥാവലി.

൧൨-ാംനമ്പർ: ഫാദർ സൈമൺ സി. ഡി. എഴുതിയ "മാതൃകാവിദ്യാൎത്ഥിയായ മാർ ളൂയീസ് ഗോൺസാഗാ" ഉടനെപുറപ്പെടും. കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള അവർകൾ ഗ്രന്ഥാവലിവകക്കു രചിച്ചിട്ടുള്ള "തിരിഞ്ഞെടുക്കപ്പെട്ട പാത്രം" എന്ന പദ്യകൃതി ൧൩-ാം നമ്പരായി പ്രസിദ്ധപ്പെടുത്തുന്നതാണു്.

ഗ്രന്ഥാവലിവക പല പുസ്തകങ്ങളും തീരാറായിരിക്കുന്നു. ആവശ്യക്കാർ ഉടനെ അപേക്ഷിച്ചാൽ ഉള്ളടത്തോളം പുസ്തകങ്ങൾ ഒരാക്കം വിലക്കു വി. പി. ആയി അയച്ചുകൊടുക്കുന്നതാണു്. ഇതേവരെ പണം അടച്ചിട്ടില്ലാത്തവരിക്കാർ ഞങ്ങൾ അയക്കുന്ന വി പി. സ്വീകരിച്ചെങ്കിലും പണമയപ്പാനപേക്ഷ.

താഴെപ്പറയുന്ന ഏതെങ്കിലും മേൽവിലാസത്തിൽ ആവശ്യപ്പെടുക

മാനേജർ കൎമ്മെലകുസുമം, മാന്നാനം.

മനേജർ കത്തോലിക്ക് ബുക്ക ഡിപ്പോ, എർണാകുളം.

Registered No. M. 365. No: T. 2.


## MANOLLASINI Co.,

**3. Kankanady P. O.** S. India.

## മനോല്ലാസിനി തൈലം.

ഉറക്കമില്ലായ്മ, തലവേദന ബുദ്ധിഭ്രമം, തലമുടി പൊഴിച്ചിൽ, ഓർമ്മക്കുറവ്, മ...ലായി തല, കണ്ണ്, ചെവി ഇവസംബന്ധമായ ...ളെ രോഗങ്ങളേയും പാടെ നശിപ്പിക്കും. ... ക. ൩ കുപ്പിക്കു ക ൨ ണ ... വലിയ കുപ്പിക്കു ൨ ക. ൩ വലിയ ...ക്കു ൭ ക. ൮ ണ.

### നാരീസഖി.

സ്ത്രീകൾക്കു പ്രത്യേകമായ പല രോഗങ്ങളേയും, അവ എത്രയും ദുർഘടനവും പഴകിയതുമായാലും ശരി, ഉൻമൂലം ചെയ്യും. വിഷമമായ പല കേസുകളിലും ഒരേ ഒരു കുപ്പി മരുന്നുകൊണ്ട് ശാശ്വതമായ ഗുണം സിദ്ധിക്കുന്നതാണ്. ഒരു കുപ്പിക്കു ക ൨.

### ലങ്ങ്സ് ററൺ.

കാസം, പഴകിയ ചുമ, ശ്വാസനാളസംബന്ധമായ രോഗം, ക്ഷയം, ആദിയായവയെ നശിപ്പിക്കുന്നതിനു ശക്തിമത്തും എന്നാൽ നിർദ്ദോഷവുമായ ഔഷധം ൨ ക. ൮ ണ.

### പുഴുക്കടി തൈലം.

രണ്ടോ, മൂന്നോ പ്രാവശ്യം മാത്രം ലേപനം ചെയ്താൽ എത്ര പൊറുക്കാത്ത പുഴുക്കടിയും തീരെ ഇല്ലാതാകും. ൫ കുപ്പിക്കു ൩ ണ. ൫ ഡസൻ കുപ്പിക്കു ൪ ക.

### രോമ നാശിനി.

ശരീരത്തിൻെറ ഏതു ഭാഗത്തെങ്കിലും ആവശ്യത്തിലധികമുള്ള രോമത്തെ ഒരു വിനാഴികകൊണ്ടു നശിപ്പിക്കും. ഒരു കുപ്പി ൩ ണ. ൫ ഡസൻ കുപ്പിക്കു ൪ ക.

### ഛിൻഛിൻ കുഴമ്പ്.

തലവേദന തുടങ്ങി ശരീരത്തിൽ എവിടെയെങ്കിലും ഉണ്ടാകുന്ന ഏതു വേദനക്കും അത്യുത്തമം. കുപ്പിക്കു ൮ ണ. ഡസൻ കുപ്പിക്കു ൭ ക. ൪ ണ.

### ദന്ത ശോധിനി.

ഇതുപയോഗിച്ചു പല്ലുതേച്ചാൽ ദന്തസംബന്ധമായ രോഗങ്ങൾ നേരിടാതിരിക്കും ൫ തകരപ്പെട്ടിക്കു ൭ ണ. ൫ ഡസൻ ൩ ക.

രോഗവിവരം മറുപടിസ്റ്റാമ്പു സഹിതം ഇംഗ്ലീഷിൽ എഴുതി അയച്ചാൽ പ്രതിഫലം കൂടാതെ ഔഷധങ്ങൾ നിശ്ചയിച്ചു കൊടുക്കുന്നതാണ്.

മനോല്ലാസിനി കമ്പനി,

3. കങ്കനാടി. (തെക്കേ ഇൻഡ്യാ)

## MALARIANA COMPANY.

**3. Mangalore S. K.**

## മലേരിയാന.

**മലമ്പനിക്കു കൈ കണ്ട ഔഷധം**

൮ ഔൺസ കുപ്പിക്കു ക. ൫ ണ ൮. അര ഡസൻ ക. ൮. ണ ൮. ൫ ഡസൻ കുപ്പിക്കു ക. ൧൩. ണ ൮,

### മലേറിയൻ ഗുളികകൾ.

മലമ്പനിയുടെ ആക്രമത്തെ നിരോധിക്കുന്നു. യാത്രക്കാരുടെ കൈവശം പ്രത്യേകം ഇരിക്കേണ്ടതു ൨൫. ൩൦. ൫൦൦. ഗുളികൾക്കു ൮ അണ. ൧ ക. ൧ ക ൮ ണ.

### ടോണിക്ക് സിറപ്പ്.

ആരോഗ്യദായകമായ ഒരു പാനീയത്തിനു വേണ്ട എല്ലാ ലക്ഷണങ്ങളും തികഞ്ഞതു്. ൮ ഔൺസ് കുപ്പിക്കു ക. ൫. ൪. ൦.

### ശ്രോത്ര തൈലം.

ചെവിയിലുണ്ടാകുന്ന സകല രോഗങ്ങളേയും നശിപ്പിക്കും. അര ഔൺസ ണ ൮. ൧ ഔൺസ് ൧൪ ണ.

### യൂക്കാലിപ്റ്റസ്.

ഔൺസ കുപ്പി ൭ ണ ൫ ഡസൻ ൩ ക. ൧ ഔൺസ് കുപ്പി ൫൨ ണ. ൫ ഡസൻ ൮ ക.

### ദന്ത തൈലം.

പല്ലുവേദന ഉടനടി ഇല്ലാതാക്കുന്നതു്. അര ഔൺസ് ൮ ണ.

### വാതത്തിനുള്ള കുഴമ്പ്.

വാതസംബന്ധമായ നീർക്കെട്ടു് വേദന മുതലായതിനു അത്യുത്തമം. കുപ്പി ൫ ക്കു ൮ ണ. ൫൨ കുപ്പിക്കു ക ൭. ൪. ൦.

### ദന്തചൂൎണ്ണം.

മോണപഴുപ്പു മുതലായ് ദന്തസംബന്ധമായ രോഗങ്ങൾക്കു വളരെ വിശേഷം ൫ കുപ്പിക്കു ൭ ണ. Tissue Remedies എന്ന മരുന്നുകളും വില്പാനുണ്ട്. വിലവിവരപ്പട്ടിക വ്യഥാ കൊടുക്കപ്പെടും.

മലെരിയാനാ കമ്പിനി,

3 മംഗലപുരം. എസ്. കെ.